# നബിﷺയുടെ മന്ത്രം

**അബീ അബ്ദുറഹ്മാൻ അബ്ദുല്ലാഹ്**
**ബ്ൻ അഹമ്മദ് അൽഇറിയാനി**

**മുഖവുര:**
**യഹ്യബ്നുഅലിയ്യ് അൽഹജൂരിയ്യ്**

വിവർത്തനം:
**ശാക്കിർ ബ്ൻഅബ്ദുൽ കരീം**
**അബൂഫഹീം അമാനുല്ല ബ്ൻഅബ്ദുൽ സലാം**

# മുഖവുര

സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, നിശ്ചയം മുഹമ്മദ്ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നമ്മുടെ സഹോദരൻ ശൈഖ് അബൂഅബ്ദുറഹ്മാൻ അബ്ദുല്ലാഹ് ബിൻ അഹമ്മദ് അൽഇറിയാനി എഴുതിയ ***സിഫത്തു റുഖിയത്തുനബി*** എന്ന ഗ്രന്ഥം ഞാൻ വായിച്ചു. ഈ വിഷയത്തിലുള്ള തെളിവുകൾ അദ്ദേഹം സമാഹരിക്കുകയും, അതുപോലെ പണ്ഡിതന്മാരുടെ ആധികാരിക ഫത്ത്വകളിൽ നിന്നും അടിക്കുറിപ്പ് ചേർക്കുകയും ചെയ്തതായി ഞാൻ കണ്ടെത്തി. ആയതിനാൽ ഈ വിഷയത്തിലെ ചുരുങ്ങിയതും എന്നാൽ ഉപകാരപ്പെടുന്നതുമായ ഒരു ഗ്രന്ഥവുമാണിത്. ശൈഖ് അബ്ദുറഹ്മാൻ അൽഇറിയാനിക്ക് ബറക്കത്ത് ചെയ്യുന്നതിനായി ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. ഒളിഞ്ഞതും തെളിഞ്ഞതുമായ എല്ലാ ഫിത്നകളെ തൊട്ടും അദ്ദേഹത്തേയും നമ്മേയും അല്ലാഹു സംരക്ഷിക്കട്ടെ.

**യഹ്യബ്നുഅലിയ്യ് അൽഹജൂരിയ്യ്**
**18 ശഅ്ബാൻ 1435**

# ആമുഖം

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. റുഖിയ ശറഇയയും അതിന്റെ മര്യാദകളേയും സംബന്ധിച്ച് ഒരു ഗ്രന്ഥം രചിക്കുവാൻ ചില മാന്യ സഹോദരങ്ങൾ എന്നോട് ആവശ്യപ്പെട്ടു. അപ്രകാരം റുഖിയയുടെ വിഷയത്തിൽ നബിചര്യ അനുസരിച്ച് ലളിതവും ഹൃസ്വവുമായ ഈ ഗ്രന്ഥം ഞാൻ രചിച്ചു. അപ്രകാരം ചില ഉണർത്തലുകളും അഭിപ്രായങ്ങളും ഉപദേശങ്ങളും പ്രയോജനങ്ങളുമെല്ലാം ചേർത്തുവച്ചു. ഈ ഗ്രന്ഥത്തിന് **'സിഫത്തു റുഖിയത്തു നബിയ്യ്'** എന്ന് ഞാൻ നാമകരണം ചെയ്തു. ഈ ഗ്രന്ഥം കൊണ്ടും അതിന്റെ രചയിതാവിനെ കൊണ്ടും ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കും പ്രയോജനം ലഭിക്കുന്നതിനും, അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുകയും ചെയ്യുന്ന മുഴുവൻ കാര്യങ്ങൾക്കും തൗഫീക്ക് ലഭിക്കുന്നതിനും, മുസ്‌ലിമീങ്ങളുടെ സകല രോഗങ്ങൾക്കും ശമനം ലഭിക്കുന്നതിനും ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. സർവ്വസ്തുതികളും സർവ്വലോകങ്ങളുടേയും റബ്ബായ അല്ലാഹുവിനാകുന്നു.

## ശമനം നൽകുന്നവൻ അല്ലാഹു

തന്റെ റബ്ബിൽ ഭാരമേൽപ്പിക്കുന്നതിൽ നബിﷺ മഹാവ്യക്തിത്വമായിരുന്നു. അവിടുന്ന് തന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭാരമേൽപിക്കുമായിരുന്നു. ആയതിനാൽ തനിക്ക് എന്തെങ്കിലും വേദന അനുഭവപ്പെട്ടു കഴിഞ്ഞാൽ തന്റെ റബ്ബിലേക്ക് അഭയം കൊള്ളുകയും ശമനം തേടുകയും ചെയ്തിരുന്നു. ഇബ്റാഹീം നബിعليه السلام മിന്റെ മാർഗം പിൻപറ്റിക്കൊണ്ട് അല്ലാഹുവിലേക്ക് താഴ്മപ്പെടുകയും ചെയ്തിരുന്നു. ഇബ്റാഹീംعليه السلام പറഞ്ഞു:

﴿وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾﴾ الشعراء: ٨٠

''എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്.'' (സൂറത്തു ശുഅറാഅ്: 80)

നബിﷺ അവിടുത്തെ ദുആകളിലും രോഗശമനം തേടുന്ന സന്ദർഭങ്ങളിലും പറയുമായിരുന്നു:

اَللهُمَّ اشْفِ وَأَنْتَ الشَّافِيُ

"അല്ലാഹുവേ നീ എനിക്ക് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ"

(സഹബത്തിൽ നിന്നും ഒരു സംഘത്തിൽ നിന്നും ഇത് നിവേദനം ചെയ്തിട്ടുണ്ട്. അത് പുറകേവരുന്നുണ്ട്)

# പരിശുദ്ധ ക്വുർആൻ കൊണ്ടുള്ള റുഖ്യ

അല്ലാഹു മുഅ്മിനീങ്ങൾക്ക് ശിഫയാക്കിയ പരിശുദ്ധ ക്വുർആൻ കൊണ്ട് നബിﷺ ചികിത്സിച്ചിരുന്നു.

﴿وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارًا ﴿٨٢﴾﴾ الإسراء: ٨٢

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിക്കുന്നില്ല." (സൂറത്തുൽ ഇസ്റാഅ്: 82)

അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾﴾ يونس: ٥٧

"മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു.)" (സൂറത്തുൽ യൂനുസ്: 75)

വീണ്ടും അല്ലാഹു പറയുന്നു:

﴿قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾﴾ فصلت: ٤٤

"നീ പറയുക: അത് (ഖുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമന ഔഷധവുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ അവരുടെ കാതുകളിൽ ഒരു തരം ബധിരതയുണ്ട്. അത് (ഖുർആൻ) അവരുടെ മേൽ ഒരു

അന്ധതയായിരിക്കുന്നു. ആ കൂട്ടർ വിദൂരമായ ഏതോ സ്ഥലത്ത് നിന്ന് വിളിക്കപ്പെടുന്നു (എന്ന പോലെയാകുന്നു അവരുടെ പ്രതികരണം). (സൂറത്തുൽ ഫുസ്സിലത്ത്ഃ 44)

## മുഅവ്വിദാത്ത് കൊണ്ടുള്ള റുഖ്‌യ

നബിﷺ രോഗബാധിതനായാൽ അവിടുന്ന് സ്വയം സംരക്ഷണം തേടുന്ന ആയത്തുകൾ പാരായണം ചെയ്തിരുന്നു. അവിടുന്ന് മന്തിച്ച് തുപ്പുനീർ കലർത്തി ഊതുകയും ശേഷം തന്റെ കരങ്ങൾ കൊണ്ട് തടകുകയും ചെയ്തിരുന്നു. (ബുഖാരി 5016, മുസ്‌ലിം 2192)

നബിﷺ യുടെ കുടുംബത്തിൽ നിന്നും ആരെങ്കിലും രോഗി ആയാൽ മുഅവ്വിദാത്തുകൾ അദ്ദേഹത്തിന്റെ മേൽ മന്ത്രിച്ച് ഊതിയിരുന്നു. ആയിശ(റ) പറയുന്നുഃ

فَلَمَّا مَرِضَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَرَضَهُ الَّذِي مَاتَ فِيهِ جَعَلْتُ أَنْفُثُ عَلَيْهِ وَأَمْسَحُهُ بِيَدِ نَفْسِهِ لِأَنَّهَا كَانَتْ أَعْظَمَ بَرَكَةً مِنْ يَدِي

“നബിﷺ ഏതൊരു രോഗത്തോടു കൂടിയാണോ ഈ ലോകത്തോട് വിടപറഞ്ഞത് ആ രോഗം ബാധിച്ചപ്പോൾ ഞാൻ ആ രോഗത്തിൽ നബിﷺ യുടെ മേൽ മന്ത്രിച്ച് ഊതാൻ ആരംഭിക്കുകയും നബിﷺ യുടെ കരംകൊണ്ട് തന്നെ അവിടുത്തെ തടകാനും തുടങ്ങി. കാരണം ആ കരങ്ങൾ എന്റെ കരങ്ങളെക്കാൾ ബറക്കത്തുള്ളതായിരുന്നു.” (മുസ്‌ലിം 2192)

ഉഖ്ബത്ത് ബിനുആമിർ(റ) നിവേദനംഃ

وَكَانَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَحُثُّ عَلَى الرُّقْيَةِ بِالْمُعَوِّذَتَيْنِ وَيَقُوْلُ: تَعَوَّذُوا بِهِنَّ فَإِنَّهُ لَمْ يُتَعَوَّذْ بِمِثْلِهِنَّ

“റസൂൽﷺ മുഅവ്വിദത്തയ്ൻ കൊണ്ട് അഭയം തേടുകയും

അവിടുന്ന് പറയുകയും ചെയ്തിരുന്നു: "ഇവ കൊണ്ട് നിങ്ങൾ അഭയം തേടൂ. ഇതിന് സമാനമായത് കൊണ്ട് അഭയം ലഭ്യമാവുകയില്ല." (സ്വഹീഹ് അബൂദാവൂദ്, അഹമദ് 4/144)

## ഫാതിഹ കൊണ്ട് മന്ത്രിക്കൽ

അബുസഈദുൽ ഖുദ്രി ﵁ യും കൂടെയുള്ളവരും ഒന്നിച്ചായിരിക്കെ പാമ്പ് കടിയേറ്റ ഒരു അറബി ഗോത്ര തലവന്റെ കാര്യവുമായി ഒരു സംഘം ആളുകൾ അവരിലേക്ക് വന്നുകൊണ്ട് പറഞ്ഞു: "അല്ലയോ സംഘത്തിലുള്ളവരേ നമ്മുടെ നേതാവിന് പാമ്പുകടി ഏറ്റിരിക്കുന്നു. അദ്ദേഹത്തിന് വേണ്ടി ഞങ്ങൾ സകലശ്രമവും നടത്തിക്കഴിഞ്ഞു. അതൊന്നും അദ്ദേഹത്തിന് ഉപകാരപ്പെടുന്നില്ല. നിങ്ങൾ ആരുടെയെങ്കിലും പക്കൽ വല്ല ഉപായവുമുണ്ടോ? അപ്പോൾ അബൂസഈദുൽ ഖുദ്രി ﵁ സൂറത്തുൽ ഫാതിഹ കൊണ്ട് ആ മനുഷ്യനെ മന്ത്രിച്ചു. അദ്ദേഹം സൂറത്തുൽ ഫാതിഹ പാരായണം ചെയ്യുവാൻ ആരംഭിക്കുകയും തന്റെ ഉമിനീർ വായിൽ ഒരുമിച്ച് കൂട്ടുകയും പാമ്പുകടി ഏറ്റഭാഗത്ത് തുപ്പുകയും ചെയ്തു. അപ്പോൾ ആ ഗോത്ര തലവന് ഒരുകെട്ടിൽ നിന്നും അഴിഞ്ഞ് ഊർജ്ജസ്വലനായതു പോലെ രോഗം ശമിച്ചു. ശേഷം ഒരു രോഗവും ബാധിക്കാത്തത് പോലെ അദ്ദേഹം എഴുന്നേറ്റ് നടന്നു പോവുകയും ചെയ്തു. പിന്നീട് നബി ﷺ യോട് സഹാബികൾ ഈ കാര്യം പറഞ്ഞപ്പോൾ നബി ചിരിച്ചു. അബൂസഈദുൽ ഖുദ്രിയോട് ചോദിക്കുകയും ചെയ്തു:

وَمَا يُدْرِيكَ أَنَّهَا رُقْيَةٌ

"അത് ഒരു റുഖിയ ആയിരുന്നു എന്ന് നിനക്ക് അറിയുമായിരുന്നുവോ?" (മുസ്ലിം 2201, ബുഖാരി 2286, 5736)

"ശേഷം ഒരു രോഗവും ബാധിക്കാത്തത് പോലെ അദ്ദേഹം എഴുന്നേറ്റ് നടന്നു പോവുകയും ചെയ്തു'' എന്നതിനെ 'അൽജവാബുൽ കാഫി' യിൽ ഹാഫിള് ഇബ്നുൽഖയ്യിം വിശദീകരിക്കുന്നു: "ഈ മരുന്ന് ആ രോഗത്തിന് ഫലപ്പെട്ടു. ആ രോഗത്തെ നീക്കുകയും ആ രോഗം ഇല്ലാത്തത് പോലെ ആയിത്തീരുകയും ചെയ്തു. എന്നാതാണിതിന്റെ അർത്ഥം. ഫാതിഹ

കൊണ്ട് മന്ത്രിക്കൽ ഏറ്റവുമ ലളിതവും ഫലപ്രദവുമായ ഒരു മരുന്നാണ്. ഒരു ദാസൻ ഫാതിഹ കൊണ്ട് നന്നായി മന്ത്രിക്കുകയാണെങ്കിൽ അദ്ദേഹം രോഗശമന വിഷയത്തിൽ അത്ഭുതകരമായ ഫലപ്രാപ്തി കണ്ടെത്തുന്നതാണ്. പല രോഗങ്ങളും എന്നെ പിടികൂടിയ ഒരു കാലഘട്ടത്തിൽ ഞാൻ മക്കയിൽ കഴിച്ച് കൂട്ടുകയുണ്ടായി."

ഇമാം നവവി പറഞ്ഞു: "അത് ഒരു റുഖിയ ആയിരുന്നു എന്ന് നിനക്ക് അറിയുമായിരുന്നുവോ?" എന്ന് പ്രവാചകൻ ചോദിച്ചതിൽ സൂറത്തുൽ ഫാതിഹ റുഖ്‌യ ആണെന്നതിന് വ്യക്തമായ സൂചനയുണ്ട്. അത് കൊണ്ട് തന്നെ പാമ്പ് കടിയേറ്റവൻ, രോഗി, ശാരീരിക, മാനസിക രോഗങ്ങൾ, മറ്റ് വിപത്തുകൾ കൊണ്ടെല്ലാം പ്രയാസം അനുഭവിക്കുന്ന എല്ലാവരും ഇത് കൊണ്ട് മന്ത്രിക്കൽ നല്ലതാണ്."

ഫത്ഹുൽ ബാരിയിൽ ഹാഫിള് ഇബ്നുഹജർ ഈ ഹദീഥ് ചർച്ച ചെയ്യവേ പറഞ്ഞു: "അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ട് മന്ത്രിക്കൽ അനുവദനിയമാണെന്ന് ഈ ഹദീഥിലുണ്ട്. ഇതിനോടൊപ്പം ഹദീഥിൽ വന്നതായ ദിക്റുകളും ദുആകളും കൊണ്ട് മന്ത്രിക്കാവുന്നതാണ്. ഇതുപോലെന്നെയാണ് റസൂലിൽ നിന്നും ഉദ്ധരിക്കപ്പെടാത്ത മറ്റ് ദുആകളും, എന്നാൽ അവ റസൂലിൽ നിന്നും ഉദ്ധരിക്കപ്പെട്ടതിനോട് എതിരാകാത്തതാകണം അവ കൊണ്ട് മന്ത്രിക്കൽ അനുവദനീയമാണ്."

ക്വുർതുബിയിൽ നിന്നും ഫത്ഹുൽ ബാരിയിൽ ഉദ്ധരിച്ചത് പോലെ, "ക്വുർആനിന്റെ പ്രാരംഭമാണെന്നതിനാലും പരിശുദ്ധ ക്വുർആനിന്റെ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്നു എന്നതിനാലും, കാരണം അല്ലാഹുവിന്റെ മേലുള്ള സ്തുതി, അവന്റെ ആരാധ്യതയെ സമ്മതിക്കൽ, അവനോടുള്ള ആത്മാർത്ഥതയെ പ്രകടിപ്പിക്കൽ, സന്മാർഗത്തെ ചോദിക്കൽ, അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദിചെയ്യാനുള്ള കഴിവില്ലായ്മ സമ്മതിക്കൽ, അവനിലേക്കുള്ള മടക്കത്തെ പരാമർശിക്കൽ, നിഷേധികളുടെ പരിണതിയെക്കുറിച്ചുള്ള വിശദീകരണങ്ങൾ, ഇതല്ലാത്ത മറ്റ് കാര്യങ്ങളും ഇത് ഉൾക്കൊള്ളുന്നു എന്നതിനാലും ഫാതിഹ മന്ത്രിക്കേണ്ട ഒരു സൂറത്താണെന്നതിനെ വ്യക്തമാക്കുന്നുണ്ട്."

സാദുൽ മആദിൽ ഹാഫിള് ഇബ്നുക്വയ്യിം ഈ ഹദീസ് ചർച്ച

ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ഒരു അനുഭവം പറയുന്നു: "ഞാൻ മക്കയിലായിരുന്നപ്പോൾ ഒരു രോഗം ബാധിക്കുകയും ഡോക്ടറോ മരുന്നോ ലഭിക്കാതെ ബുദ്ധിമുട്ടുകയും ചെയ്ത സന്ദർഭത്തിൽ സൂറത്തുൽ ഫാതിഹ പലപ്രാവിശ്യം സംസം വെള്ളത്തിൽ പാരായണം ചെയ്ത് കുടിച്ചപ്പോൾ അത്ഭുതകരമായ ഫലപ്രാപ്തി ഞാൻ അതിൽ കണ്ടെത്തി. പിന്നീട് ഞാൻ കഠിനമായ വേദനയുണ്ടാകുന്ന സന്ദർഭങ്ങളിൽ ഈ ഫാതിഹയെ ആശ്രയിച്ചിരുന്നു. അത് കൊണ്ട് പൂർണ്ണമായ പ്രയോജനവും ലഭിച്ചിരുന്നു. ശേഷം വേദനകൾ ആവലാതിപ്പെട്ടു വരുന്നവർക്ക് ഞാനിത് നിർദ്ദേശിക്കുമായിരുന്നു. അതിൽ അധികപേർക്കും വളരെ പെട്ടന്ന് തന്നെ രോഗശമനം ലഭിക്കുകയും ചെയ്തിരുന്നു." (സാദുൽ മആദ് 4/165)

## ജിബ്രീൽ عليه السلام നബി ﷺ ക്ക് ചെയ്ത മന്ത്രം

അബൂസഈദുൽ ഖുദ്രിയിൽ നിന്ന് നിവേദനം: "ഒരു ദിവസം നബി ക്ക് രോഗം ബാധിച്ചു. അപ്പോൾ ജിബ്രീൽ നബി യുടെ അടുക്കൽ വന്നു ചോദിച്ചു: ''മുഹമ്മദേ താങ്കൾക്ക് രോഗം ബാധിച്ചോ?" അപ്പോൾ അവിടുന്ന് പറഞ്ഞു: 'അതേ' ജിബ്രീൽ:

بِسْمِ اللّٰهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ وَمِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ اللّٰهُ يَشْفِيكَ بِسْمِ اللّٰهِ أَرْقِيكَ

"അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു, നിനക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ ആത്മാവുകളുടെ തിന്മയിൽ നിന്നും എല്ലാ അസൂയക്കാരന്റെ കണ്ണേറിൽ നിന്നും അല്ലാഹു നിനക്ക് ശമനം നൽകട്ടെ, അല്ലഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു." (മുസ്‌ലിം 2186)

വിശ്വാസികളുടെ മാതാവായ ആയിശ رضي الله عنها പറഞ്ഞു: "നബി ﷺ

രോഗബാധിതനായപ്പോൾ ജിബ്‌രീൽ عليه السلام അവിടുത്തെ മന്ത്രിച്ചു, ജിബ്‌രീൽ عليه السلام പറഞ്ഞു:

بِسْمِ اللهِ يُبْرِيكَ وَمِنْ كُلِّ دَاءٍ يَشْفِيكَ وَمِنْ شَرِّ حَاسِدٍ إِذا حَسَدَ وَمِنْ شَرِّ كُلِّ ذِي عَيْنٍ

"അല്ലാഹുവിന്റെ നാമത്താൽ താങ്കളെ അവൻ മോചിതനാക്കട്ടെ, എല്ലാ രോഗത്തിൽ നിന്നും താങ്കൾക്ക് അവൻ ശമനം നൽകട്ടെ, അസൂയക്കാരൻ അസൂയ വെക്കുമ്പോൾ അവന്റെ തിന്മയിൽ നിന്നും, എല്ലാ കണ്ണേറുകാരന്റെ തിന്മയിൽ നിന്നും." (മുസ്‌ലിം 2185)

## സ്വഹാബത്തിന് പ്രവാചകൻ ﷺ ചെയ്ത റുഖിയ

ആയിശ رضي الله عنها നിവേദനം: " നബി ﷺ തന്റെ കുടുംബക്കാർക്ക് രോഗം ബാധിക്കുമ്പോൾ ആ രോഗിയെ തന്റെ വലതുകരം കൊണ്ട് തടകുകയും ഇപ്രകാരം മന്ത്രിക്കുകയും ചെയ്യുമായിരുന്നു,

اللهُمَّ رَبَّ النَّاسِ أَذْهِبْ الْبَاسَ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَماً

"അല്ലാഹുവേ, ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ നീക്കേണമേ ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം." (ബുഖാരി 5743, മുസ്‌ലിം 2191)

ആയിശ رضي الله عنها യിൽ നിന്ന് നിവേദനം: "നബി ﷺ ഇപ്രകാരം പറഞ്ഞ് കൊണ്ട് മന്ത്രിക്കുമായിരുന്നു:

امْسَحِ الْبَاسَ رَبَّ النَّاسِ بِيَدِكَ الشِّفَاءُ لَا كَاشِفَ لَهُ إِلَّا أَنْتَ

"ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ തുടച്ച് നീക്കേണമേ, നിന്റെ കരങ്ങളിലാണ് ശമനം, അതിനെ നീക്കുന്നവൻ നീയല്ലാതെ

മറ്റാരുമില്ല." (ബുഖാരി,5744)

ആയിശ(റ)യിൽ നിന്ന് നിവേദനം: "നബിﷺ ഏതെങ്കിലും രോഗികളെ സന്ദർശിച്ചാൽ അല്ലെങ്കിൽ ഏതെങ്കിലും രോഗികളെ നബിക്കരികിൽ കൊണ്ടുവന്നാൽ അവിടുന്ന് പറഞ്ഞിരുന്നു:

أَذْهِبْ الْبَاسَ رَبَّ النَّاسِ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَماً

പത്തിനെ നീക്കേണമേ ജനങ്ങളുടെ റബ്ബേ, ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം." (ബുഖാരി 5675, മുസ്‌ലിം, 2191)

മുഹമ്മദ് ബ്നുഹാത്വിബ്(റ) പറഞ്ഞു: "ഒരു ദിവസം എന്റെ ഉമ്മയുടെ പാചകപാത്രം ഞാൻ എടുക്കുകയും എന്റെ കരങ്ങൾക്ക് പൊള്ളൽ ഏൽക്കുകയും ചെയ്തു. അങ്ങനെ എന്റെ മാതാവ് എന്നെയും കൊണ്ട് പ്രവാചകൻﷺയുടെ അടുക്കൾ ചെന്നു. അപ്പോൾ നബി എന്റെ കരങ്ങളിൽ തടകാൻ ആരംഭിച്ചു, നബിﷺ പറയുന്നത് എന്തെന്ന് എനിക്ക് അറിയുമായിരുന്നില്ല കാരണം ഞാനൊരു ചെറിയ കുട്ടി ആയിരുന്നു. അങ്ങനെ ഞാൻ എന്റെ മാതാവിനോടു ചോദിച്ചു. അപ്പോൾ അവർ എന്നോടു പറഞ്ഞു, നബിﷺ പറഞ്ഞത് ഇപ്രകാരമായിരുന്നു:

أَذْهِبْ الْبَاسَ رَبَّ النَّاسِ اشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ

"വിപത്തിനെ നീക്കേണമേ ജനങ്ങളുടെ റബ്ബേ, ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല" (അഹമദ്, സ്വഹീഹ് മുസ്നദ്)

സാബിത് അൽബുനാനിക്ക് ഒരു ദിവസം രോഗം ബാധിച്ചു. അങ്ങനെ അദ്ദേഹം അനസ് ബിൻമാലിക്ക്(റ) നെ സമീപിച്ചു പറഞ്ഞു: "ഓ അബാ ഹംസാ എനിക്ക് രോഗം ബാധിച്ചിരിക്കുന്നു."

അപ്പോൾ അപ്പോൾ അനസ്ﷺ പറഞ്ഞു: “ഞാൻ താങ്കളെ റസൂൽﷺയുടെ മന്ത്രം കൊണ്ട് മന്ത്രിക്കട്ടെയോ?” അദ്ദേഹം പറഞ്ഞു: “അതേ” അനസ്ﷺ പറഞ്ഞു:

اللهُمَّ رَبَّ النَّاسِ مُذْهِبْ الْبَاسَ اشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا أَنْتَ شِفَاءً لَا يُغَادِرُ سَقَماً

“അല്ലാഹുവേ, ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ നീക്കേണമേ ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നീ അല്ലാതെ മറ്റൊരു ശമനമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം.” (ബുഖാരി, 5742)

രോഗത്തിൽ നിന്ന് എന്തെങ്കിലും ഒന്ന് ഒരു മനുഷ്യന് ബാധിക്കുമ്പോൾ അല്ലെങ്കിൽ മുറിവോ വ്രണമോ ബാധിച്ചു കഴിഞ്ഞാൽ നബിﷺ വിരലുകൊണ്ട് ഇപ്രകാരം പറഞ്ഞിരുന്നു, ആയിശﷺയിൽ നിന്നും ഹദീസ് നിവേദനം ചെയ്യുന്ന സുഫിയാൻﷺ തന്റെ വിരൽ ഭൂമിയിൽ വച്ചതിനു ശേഷം ആ വിരൽ ഉയർത്തി ശേഷം പറഞ്ഞു: ‘നബി ഇപ്രകാരം വിരൽ വച്ചുകൊണ്ട് പറഞ്ഞു:

بِسْمِ اللهِ تُرْبَةُ أَرْضِنَا بِرِيقَةِ بَعْضِنَا يُشْفَى سَقِيمُنَا بِإِذْنِ رَبِّنَا

“അല്ലാഹുവിന്റെ നാമത്തിൽ നമ്മുടെ ഉമിനീരോട് കൂടിയ നമ്മുടെ ഭൂമിയിലെ കുറച്ച് മണ്ണ് നമ്മുടെ രോഗിക്ക് രോഗശമനം ലഭിക്കും, നമ്മുടെ റബ്ബിന്റെ അനുമതിയോടെ.” (ബുഖാരി 5745, മുസ്‌ലിം, 2194)

ഇമാം നവവി ശറഹ് മുസ്‌ലിമിൽ പറയുന്നു: “ഈ ഹദീസിന്റെ അർത്ഥം, നബിﷺ തന്റെ ഉമിനീരിൽ നിന്നും തന്റെ വിരലിൽ എടുക്കുകയും ശേഷം ആ ഉമിനീരോടു കൂടിയ വിരൽ അവിടുന്ന്ﷺ മണ്ണിൽ വെക്കുകയും ചെയ്തു. നനവുള്ള വിരലിൽ മണ്ണിൽ നിന്നും കുറച്ച് പറ്റിപ്പിടിക്കും, ആ മണ്ണോട് കൂടി രോഗിയുടെ മുറിവിൽ തടകും അപ്പൊൾ അവിടുന്ന്ﷺ ഈ വചനം പറയുകയും ചെയ്തിരുന്നു.”

ക്വുർതുബി പറഞ്ഞു: “എല്ലാ വേദനകൾക്കും മന്ത്രിക്കൽ

അനുവദനീയമാണെന്നതിന് ഈ ഹദീസിൽ തെളിവുണ്ട്. മാത്രമല്ല ഇത് അവർക്കിടയിൽ വളരെ പ്രചാരമുള്ള സംഗതിയും എല്ലാവർക്കും അറിയുന്നതുമായിരുന്നു."

ഇമാം ബുഖാരി തന്റെ അദബുൽ മുഫ്റദിൽ ഇബ്ന്അബ്ബാസ്ﷺൽ നിന്നും രേഖപ്പെടുത്തുന്നു: "നബിﷺ ഏതെങ്കിലും രോഗിയെ സന്ദർശിച്ചാൽ രോഗിയുടെ തലഭാഗത്ത് ഇരിക്കും ശേഷം ഏഴ് പ്രാവശ്യം പറയും:

أَسْأَلُ اللهَ العَظِيْمَ رَبَّ العَرْشِ العَظِيْمِ أَنْ يَشْفِيَكَ

"താങ്കൾക്ക് ശമനം ലഭിക്കുന്നതിന് ഉന്നതമായ അർശിന്റെ റബ്ബായ ഉന്നതനായ അല്ലാഹുവിനോട് ഞാൻ ചോദിക്കുന്നു" (ബുഖാരി അദബുൽ മുഫ്റദ്, 416, മുസ്നദ് 641, ഹദീസ് സ്വഹീഹ്)

ബുഖാരിയും മുസ്ലിമും രേഖപ്പെടുത്തിയ ഹദീഥ്: "സഅദുബ്ന് അബീവക്വാസ്ﷺ വിന് മക്കയിൽ വച്ച് കഠിനമായ രോഗം ബാധിച്ചപ്പോൾ നബിﷺ അദ്ദേഹത്തെ സന്ദർശിക്കാനായി ചെന്നു ശേഷം അവിടുന്ന് തന്റെ കരം സഅദിന്റെ നെറ്റിത്തടത്തിൽ വയ്ക്കുകയും മുഖത്തും വയറിലും തടവുകയും ചെയ്തു. ശേഷം പറഞ്ഞു:

اللهُمَّ اشْفِ سَعْداً

"അല്ലാഹുവേ സഅദിന് നീ ശമനം നൽകേണമേ" (ബുഖാരി, 5659, മുസ്ലിം 1628)

ഇബിന്അബ്ബാസ് യിൽ നിന്ന് നിവേദനം: "നബിﷺ യുടെ ചര്യയിൽ പെട്ടതാണ്, രോഗികളെ സന്ദർശിക്കുന്നതിനായി പ്രവേശിച്ചു കഴിഞ്ഞാൽ അവിടുന്ന്ﷺ ഇപ്രകാരം പറയുമായിരുന്നു,

لَا بَأْسَ طَهُورٌ إِنْ شَاءَ اللهُ

"കുഴപ്പമില്ല, ഇൻശാ അല്ലാഹ് ശുദ്ധമാകും" (ബുഖാരി, 5656)

ഫത്ഹുൽ ബാരിയിൽ ഹാഫിള് ഇബ്ന്ഹജർ പറഞ്ഞു: "ഈ ഹദീഥിന്റെ അർത്ഥം, തീർച്ചയായും പാപങ്ങൾ പൊറുക്കുന്നതാണ് രോഗം. ആ രോഗത്തിൽ നിന്നും ആരോഗ്യം വീണ്ടു കിട്ടിയാൽ രണ്ട് നേട്ടങ്ങളാണ് ലഭ്യമാവുക. പാപങ്ങൾ പൊറുക്കപ്പെട്ടു,

ആരോഗ്യം വീണ്ടുകിട്ടി. ഇനി അങ്ങനെ അല്ലാ എങ്കിൽ പാപം പൊറുക്കപ്പെട്ടതിന്റെ നേട്ടമുണ്ടാകും. അതാണ് ഇവിടെ റസൂൽﷺ

لَا بَأْسَ طَهُورٌ إِنْ شَاءَ اللَّهُ

'കുഴപ്പമില്ല (പാപങ്ങൾ) ശുദ്ധമാകും' എന്ന അർത്ഥത്തിൽ പറഞ്ഞത്.

മുസ്‌ലിം രേഖപ്പെടുത്തുന്നു: "ഉഥ്മാൻ ബ്ൻഅബിൽആസ് സകാഫിﷺ താൻ മുസ്‌ലിമായത് മുതൽ തന്റെ ശരീരത്തിലുണ്ടാകുന്ന ഒരു വേദനയെക്കുറിച്ച് റസൂൽﷺ നോട് ആവലാതിപ്പെട്ടപ്പോൾ അദ്ദേഹത്തോട് റസൂൽﷺ പറഞ്ഞു:

ضَعْ يَدَكَ عَلَى الَّذِي تَأَلَّمَ مِنْ جَسَدِكَ وَقُلْ : بِسْمِ اللهِ ثَلَاثاً وَقُلْ سَبْعَ مَرَّاتٍ : أَعُوذُ بِا للهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ

"നിന്റെ ശരീരത്തിൽ നന്നും വേദന അനുഭവപ്പെടുന്ന ഭാഗത്ത് നിന്റെ കരം വെക്കുക എന്നിട്ട് 'ബിസ്മില്ലാഹ്' എന്ന് മൂന്ന് പ്രാവശ്യം പറയുക. ശേഷം, 'അല്ലാഹുവിന്റെ ശക്തി കൊണ്ട് ഞാൻ അനുഭവിക്കുന്നതും വരാതെ കാത്തുസൂക്ഷിക്കുന്നതുമായ എല്ലാ തിന്മയിൽ നിന്നും അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു." (മുസ്‌ലിം, 2202)

## മുറിവ്, കരിവ്, വേദന എന്നിവക്കുള്ള മന്ത്രം

രോഗത്തിൽ നിന്ന് എന്തെങ്കിലും ഒന്ന് ഒരു മനുഷ്യന് ബാധിക്കുമ്പോൾ അല്ലെങ്കിൽ മുറിവോ വ്രണമോ ബാധിച്ചു കഴിഞ്ഞാൽ നബിﷺ വിരലുകൊണ്ട് ഇപ്രകാരം പറഞ്ഞിരുന്നു, ആയിശﷺ യിൽ നിന്നും ഹദീസ് നിവേദനം ചെയ്യുന്ന സുഫിയാൻ തന്റെ വിരൽ ഭൂമിയിൽ വച്ചതിനു ശേഷം ആ വിരൽ ഉയർത്തി ശേഷം പറഞ്ഞു: 'നബി ഇപ്രകാരം വിരൽ വച്ചുകൊണ്ട് പറഞ്ഞു:

بِسْمِ اللهِ تُرْبَةُ أَرْضِنَا بِرِيقَةِ بَعْضِنَا يُشْفَى سَقِيمُنَا بِإِذْنِ رَبِّنَا

“അല്ലാഹുവിന്റെ നാമത്തിൽ നമ്മുടെ ഉമിനീരോട് കൂടിയ നമ്മുടെ ഭൂമിയിലെ കുറച്ച് മണ്ണ് നമ്മുടെ രോഗിക്ക് രോഗശമനം ലഭിക്കും, നമ്മുടെ റബ്ബിന്റെ അനുമതിയോടെ.” (ബുഖാരി 5745, മുസ്‌ലിം 2194)

മുഹമ്മദ് ബ്നുഹാതിബ്﵁ പറഞ്ഞു: “ഒരു ദിവസം എന്റെ ഉമ്മയുടെ പാചകപാത്രം ഞാൻ എടുക്കുകയും എന്റെ കരങ്ങൾക്ക് പൊള്ളൽ ഏൽക്കുകയും ചെയ്തു. അങ്ങനെ എന്റെ മാതാവ് എന്നെയും കൊണ്ട് പ്രവാചകൻﷺ യുടെ അടുക്കൾ ചെന്നു. അപ്പോൾ നബിﷺ എന്റെ കരങ്ങളിൽ തടകാൻ ആരംഭിച്ചു, നബിﷺ പറയുന്നത് എന്തെന്ന് എനിക്ക് അറിയുമായിരുന്നില്ല കാരണം ഞാനൊരു ചെറിയ കുട്ടി ആയിരുന്നു. അങ്ങനെ ഞാൻ എന്റെ മാതാവിനോടു ചോദിച്ചു. അപ്പോൾ അവർ എന്നോടു പറഞ്ഞു, നബിﷺ പറഞ്ഞത് ഇപ്രകാരമായിരുന്നു:

أَذْهِبْ الْبَاسَ رَبَّ النَّاسِ اشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ

“വിപത്തിനെ നീക്കേണമേ ജനങ്ങളുടെ റബ്ബേ, ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല” (സ്വഹീഹ് മുസ്നദ്)

മുസ്‌ലിം രേഖപ്പെടുത്തുന്നു: “ഉഥ്മാൻ ബ്ൻഅബിൽആസ് സകഫി﵁ താൻ മുസ്‌ലിമായത് മുതൽ തന്റെ ശരീരത്തിലുണ്ടാകുന്ന ഒരു വേദനയെക്കുറിച്ച് റസൂൽﷺ നോട് ആവലാതിപ്പെട്ടപ്പോൾ അദ്ദേഹത്തോട് റസൂൽﷺ പറഞ്ഞു:

ضَعْ يَدَكَ عَلَى الَّذِي تَأَلَّمَ مِنْ جَسَدِكَ وَقُلْ : بِسْمِ اللهِ ثَلَاثاً وَقُلْ سَبْعَ مَرَّاتٍ : أَعُوذُ بِا للهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ

“നിന്റെ ശരീരത്തിൽ നന്നും വേദന അനുഭവപ്പെടുന്ന ഭാഗത്ത്

നിന്റെ കരം വെക്കുക എന്നിട്ട് 'ബിസ്മില്ലാഹ്' എന്ന് മൂന്ന് പ്രാവശ്യം പറയുക. ശേഷം, 'അല്ലാഹുവിന്റെ ശക്തി കൊണ്ട് ഞാൻ അനുഭവിക്കുന്നതും വരാതെ കാത്തുസൂക്ഷിക്കുന്നതുമായ എല്ലാ തിന്മയിൽ നിന്നും അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു." എന്ന് ഏഴ് പ്രാവശ്യം പറയുക. (മുസ്ലിം, 2202)

## കണ്ണേറിനെ ചികിത്സിക്കേണ്ട മന്ത്രം

ആയിശ ﵂ യിൽ നിന്നും നിവേദനം: "നബി ﷺ കണ്ണേറിന് മന്ത്രം തേടാൻ എന്നോട് കൽപിക്കുമായിരുന്നു." (ബുഖാരി 5738, മുസ്ലിം 2195)

അസ്മാഅ് ബിൻത്ഉമൈസ് ﵂ യോട് പ്രവാചകൻ ﷺ ചോദിച്ചു:

مَالِي أَرَى أَجْسَامَ بَنِي أَخِي جعفر بن أبي طالب ضَارِعَةً تُصِيبُهُمْ الْحَاجَةُ

"എന്റെ സഹോദരന്റെ (ജഅ്ഫർ ബ്ൻഅബീത്വാലിബ്) സന്താനങ്ങളുടെ ശരീരം മെലിഞ്ഞതായി ഞാൻ കാണുന്നുവല്ലോ, അവർക്കെന്തു പറ്റി? അവർക്ക് വല്ല ദാരിദ്ര്യവും പിടിപെട്ടുവോ?" അവർ പറഞ്ഞു: "ഇല്ല, എന്നാൽ കണ്ണേറ് ബാധിച്ചതാണ്" അവിടുന്ന് പറഞ്ഞു:

ارْقِيهِمْ

"നീ അവർക്ക് മന്ത്രിച്ച് കൊടുക്കൂ" (മുസ്ലിം 2198)

ഉമ്മുസലമ ﵂ യുടെ വീട്ടിൽ പ്രവാചകൻ ﷺ ഒരു അടിമ പെൺകുട്ടിയെ കണ്ടു. അവരുടെ മുഖത്ത് നിറവ്യത്യാസം ഉണ്ടായിരുന്നു. അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു:

اسْتَرْقُوا لَهَا فَإِنَّ بِهَا النَّظْرَةَ

"അവൾക്ക് മന്ത്രിച്ച് കൊടുക്കൂ, അവൾക്ക് കണ്ണേറ് ബാധിച്ചതാണ്." (ബുഖാരി 5739, മുസ്ലിം 2197)

ഔഫ് ബ്ൻമാലിക്ക് അൽഅശ്ജഇ ﵁ യിൽ നിന്നും നിവേദനം,

പ്രവാചകൻﷺ പറഞ്ഞു:

لَا بَأْسَ بِالرُّقَى مَالَمْ يَكُنْ فِيهِ شِرْكٌ

"ശിർക്കില്ലാത്ത മന്ത്രം കൊണ്ട് കുഴപ്പമില്ല." (മുസ്ലിം 2200)

ഈ ഹദീസ് ചർച്ച ചെയ്യവേ ഹാഫിള് ഇബ്നുഹജർ പറഞ്ഞു: "മൂന്ന് വ്യവസ്തകൾക്ക് മേൽ മന്ത്രം അനുവദനീയമാണെന്ന് എല്ലാ ഉലമാക്കളും ഏകോപിതമായി അഭിപ്രായപ്പെട്ട സംഗതിയാണ്.

1. അല്ലാഹുവിന്റെ വചനങ്ങളോ നാമങ്ങളോ വിശേഷണങ്ങളോ കൊണ്ടായിരിക്കണം മന്ത്രിക്കേണ്ടത്

2. അറബി ഭാഷയിലായിരിക്കണം മന്തിക്കേണ്ടത്, അറബി അല്ലാത്തതാണെങ്കിൽ അർത്ഥം മനസ്സിലാക്കപ്പെടുന്ന വചനങ്ങൾ കൊണ്ടായിരിക്കണം. (ശിർക്കോ അതിന്റെ അംശങ്ങളോ ഇല്ലെന്ന് ഉറപ്പു വരുത്തുന്നതിന്ന് ആണിത്.)

3. അല്ലാഹുവിനെ കൊണ്ടാണ് ഫലമുണ്ടാകുന്നതെന്നും മന്ത്രം സ്വയം ഫലം ചെയ്യില്ല എന്നും മന്ത്രിക്കുന്നവൻ വിശ്വസിച്ചിരിക്കണം.

ജിബ്രീൽعليه السلام റസൂൽﷺക്ക് വേണ്ടി നടത്തിയ മന്ത്രം:

بِسْمِ اللهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ مِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنٍ حَاسِدٍ اللهُ يَشْفِيكَ بِسْمِ اللهِ أَرْقِيكَ

"അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു, നിനക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ ആത്മാവുകളുടെ തിന്മയിൽ നിന്നും എല്ലാ അസൂയക്കാരന്റെ കണ്ണേറിൽ നിന്നും അല്ലാഹു നിനക്ക് ശമനം നൽകട്ടെ, അല്ലഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു."

നബിﷺ രോഗബാധിതനായപ്പോൾ ജിബ്രീൽعليه السلام അവിടുത്തെ മന്ത്രിച്ചു, ഇപ്രകാരം പറഞ്ഞു കൊണ്ട്:

بِسْمِ اللهِ يُبْرِيكَ وَمِنْ كُلِّ دَاءٍ يَشْفِيكَ وَمِنْ شَرِّ حَاسِدٍ إِذَا حَسَدَ وَمِنْ شَرِّ كُلِّ ذِي عَيْنٍ

“അല്ലാഹുവിന്റെ നാമത്താൽ താങ്കളെ അവൻ മോചിതനാക്കട്ടെ, എല്ലാ രോഗത്തിൽ നിന്നും താങ്കൾക്ക് അവൻ ശമനം നൽകട്ടെ, അസൂയക്കാരൻ അസൂയ വെക്കുമ്പോൾ അവന്റെ തിന്മയിൽ നിന്നും, എല്ലാ കണ്ണേറുകാരന്റെ തിന്മയിൽ നിന്നും.” (മുസ്ലിം 2185)

അബ്ദുല്ലാഹ് ബ്ൻഅബ്ബാസ്ﷺ നിന്നും നിവേദനം, റസൂൽﷺ ഹസൻ, ഹുസൈൻ എന്നിവർക്ക് വേണ്ടി മന്ത്രിക്കുമായിരുന്നു; അവിടുന്ന് പറയുംഃ

إِنَّ أَبَاكُمَا كَانَ يُعَوِّذُ بِهَا إِسْمَاعِيلَ وَإِسْحَاقَ : أَعُوذُ بِكَلِمَاتِ اللهِ التَّامَّةِ مِنْ كُلِّ شَيْطَانٍ وَهَامَّةٍ وَمِنْ كُلِّ عَيْنٍ لَامَّةٍ

‘‘നിശ്ചയം നിങ്ങളുടെ പിതാവ് (ഇബ്റാഹീം നബി) ഇസ്മാഈലിനും ഇസ്ഹാക്വിനും ഇത് കൊണ്ട് മന്ത്രിക്കുമായിരുന്നു” “എല്ലാ പിശാചുക്കളിൽ നിന്നും എല്ലാ ഇഴജന്തുക്കളിൽ നിന്നും എല്ലാ കണ്ണേറുകളിൽ നിന്നും അല്ലാഹുവിന്റെ പരിപൂർണ്ണമായ വചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു.” (ബുഖാരി 3371)

സാദുൽ മആദിൽ ഹാഫിള് ഇബ്നുക്വയ്യിം പറഞ്ഞുഃ “ഈ പ്രാർത്ഥനകളും അഭയത്തേട്ടങ്ങളും ആരെങ്കിലും പരിശോധിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കി അനുഭവിച്ച് കഴിഞ്ഞാൽ അതിന്റെ ആവശ്യകതയും അതിന്റ പ്രയോജനത്തിന്റെ വ്യാപ്തിയും അവന് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കാരണം ഈ പ്രാർത്ഥനകൾ കണ്ണേറുകാരന്റെ കണ്ണേറിന്റെ ദൂഷ്യഫലം തന്നിലേക്ക് എത്തുന്നതിനെ തടഞ്ഞു നിർത്തും. അതുപോലെതന്നെ അതിന്റെ ദൂഷ്യഫലം തന്നിലേക്ക് എത്തിയതിന് ശേഷം ഉണ്ടാകുന്ന വിപത്തുകളേയും തടഞ്ഞുനിർത്തും. എന്നാൽ ഈ ഫലം ഉണ്ടാകുന്നത് അത് പറയുന്നവന്റെ ഈമാനിക ശക്തിയും മനക്കരുത്തും സന്നദ്ധതയും തവക്കുലിന്റെ ശക്തിയും ഹൃദയത്തിന്റെ അടിയുറപ്പും ഒക്കെ അനുസരിച്ചായിരിക്കും. കാരണം ഈ പ്രാർത്ഥനകൾ ഒരു

ആയുധമാണ്. ആയുധം എന്നത് അത് പ്രയോഗിക്കുന്നവനുള്ളതാണ്.

## കണ്ണേറുകാരൻ കഴുകിയ വെള്ളം കൊണ്ട് ചികിത്സിക്കൽ

അബൂ ഉമാമത് ബ്നുഹുനൈഫ്ﷺ വിൽ നിന്നും നിവേദനംഃ "ഒരു ദിവസം സഹ്ലുബ്നു ഹുനൈഫ് കുളിച്ചുകൊണ്ടിരിക്കെ ആമിർ ബ്നുറബീഅ് അദ്ദേഹത്തെ കടന്നുപോയി. ആ സന്ദർഭത്തിൽ അത്ഭുതത്തോടുകൂടി അദ്ദേഹം പറഞ്ഞുഃ "ഇന്നേപോലെ ഒരു കാഴ്ച ഞാൻ കണ്ടിട്ടേ ഇല്ല ഒരു കന്യകയുടെ ചർമവും ഇതിന് സമാനമായി ഞാൻ കണ്ടിട്ടില്ല.!" എന്നാൽ അദ്ദേഹം ബോധമറ്റ് താഴെപ്പതിക്കാൻ പിന്നെ താമസമുണ്ടായില്ല. നബിﷺ അടുത്തേക്ക് അദ്ദേഹത്തെ കൊണ്ടുവരപ്പെട്ടു. അവിടുത്തോട് പറഞ്ഞുഃ "സഹ്ലിന് ബോധം നഷ്ടപ്പെടാനുള്ള കാരണക്കാരനെ അങ്ങ് കണ്ടെത്തണം" അവിടുന്ന്ﷺ ചോദിച്ചുഃ

مَنْ تَتَّهِمُونَ بِهِ

"നിങ്ങൾ ആരെയാണ് സംശയിക്കുന്നത്?"

അവർ പറഞ്ഞുഃ "ആമിർ ബ്നുറബീഅ്"

അവിടുന്ന്ﷺ ചോദിച്ചുഃ

عَلَامَ يَقْتُلُ أَحَدُكُمْ أَخَاهُ إِذَا رَأَى أَحَدُكُمْ مِنْ أَخِيهِ مَا يُعْجِبُهُ فَلْيَدْعُ لَهُ بِالْبَرَكَةِ

"എന്തെല്ലാം കാര്യങ്ങൾ കൊണ്ടാണ് തന്റെ സഹോദരനെ നിങ്ങൾ വധിക്കുന്നത്? ! നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരനിൽ നിന്നും അവനെ അത്ഭുതപ്പെടുത്തുന്ന എന്തെങ്കിലും ദർശിച്ചാൽ അവനു വേണ്ടി ബറക്കത്തിന് പ്രാർത്ഥിക്കണം."

ശേഷം അവിടുന്ന്ﷺ വെള്ളം കൊണ്ടുവരുവാൻ ആവശ്യപ്പെടുകയും അത് കൊണ്ടുവന്നപ്പോൾ ആമിറിനോട് വുളൂഅ് ചെയ്യുന്നതിന് വേണ്ടി കൽപിച്ചു. അപ്പോൾ അദ്ദേഹം തന്റെ

മുഖവും ഇരുകൈകളും മുട്ടുവരെയും കണങ്കാലുകളും അരവസ്ത്രത്തിന്റെ ഉൾഭാഗവും കഴുകുവാൻ കൽപ്പിക്കുകയും ആ വെള്ളം അദ്ദേഹം തന്നെ കണ്ണേറു ബാധിച്ച മനുഷ്യനു മേൽ ഒഴിക്കുവാനും കൽപിച്ചു. (ഇബ്നുമാജ 3509, അൽബാനി സ്വഹീഹ് ഇബ്നുമാജയിൽ ചേർത്തിട്ടുണ്ട്)

അബ്ദുല്ലാഹിബ്നു അബ്ബാസ്ﷺനിന്നും നിവേദനം, റസൂൽﷺ പറഞ്ഞു:

الْعَيْنُ حَقٌّ وَلَوْ كَانَ شَيْءٌ سَابَقَ الْقَدَرَ سَبَقَتْهُ الْعَيْنُ وَإِذَا اسْتُغْسِلْتُمْ فَاغْسِلُوا

''കണ്ണേറ് യാഥാർത്ഥ്യമാണ്, ഖദറിനെ എന്തെങ്കിലും മുൻകടക്കുമായിരുന്നു എങ്കിൽ അതിനെ കണ്ണേറ് മുൻകടക്കുമായിരുന്നു. നിങ്ങളോട് കഴുകിക്കൊടുക്കാൻ ആവശ്യപ്പെട്ടാൽ കഴുകിക്കൊടുക്കണം.'' (മുസ്ലിം 2188)

ഇമാം നവവി പറഞ്ഞു: "ഇതിന്റെ ആശയം, എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണ്. അല്ലാഹു നിശ്ചയിച്ച പ്രകാരമല്ലാതെ യാതൊന്നും സംഭവിക്കുകയില്ല. അല്ലാഹു നിശ്ചയിക്കുകയും അവന്റെ അറിവ് മുൻകടക്കുകയും ചെയ്തത് പ്രകാരമല്ലാതെ ഒന്നും സംഭവിക്കുകയില്ല. അതിനാൽ കണ്ണേറോ മറ്റ് നന്മ തിന്മകളോ അല്ലാഹുവിന്റെ നിശ്ചയപ്രകാരമല്ലാതെ സംഭവിക്കുകയില്ല. കണ്ണേറിന്റെ സാധുതയും അത് ശക്തമായ ഉപദ്രവം ഉണ്ടാക്കുമെന്നും ഈ ഹദീഥിലുണ്ട്."

# നബി യുടെ മന്ത്രത്തിന്റെ രത്നചുരുക്കം

സൂറത്തുൽ ഫാതിഹ പലപ്രാവിശ്യം പാരായണം ചെയ്ത് രോഗിയുടെ മേൽ ഈർപ്പത്തോടു കൂടി ഊതൽ.

മുഅവ്വിദാത്തുകൾ പാരായണം ചെയ്ത് സ്വന്തം കരങ്ങളിൽ ഊതി രോഗിയുടെ മേൽ തടകൽ.

بِسْمِ اللّٰهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ مِنْ شَرِّ كُلِّ نَفْسٍ أَوْ
عَيْنِ حَاسِدٍ اللّٰهُ يَشْفِيكَ بِسْمِ اللّٰهِ أَرْقِيكَ

“അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു, നിനക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ ആത്മാവുകളുടെ തിന്മയിൽ നിന്നും എല്ലാ അസൂയക്കാരന്റെ കണ്ണേറിൽ നിന്നും അല്ലാഹു നിനക്ക് ശമനം നൽകട്ടെ, അല്ലഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു.”

അല്ലെങ്കിൽ

بِسْمِ اللّٰهِ يُبْرِيكَ وَمِنْ كُلِّ دَاءٍ يَشْفِيكَ وَمِنْ شَرِّ
حَاسِدٍ إِذا حَسَدَ وَمِنْ شَرِّ كُلِّ ذِي عَيْنٍ

“അല്ലാഹുവിന്റെ നാമത്താൽ താങ്കളെ അവൻ മോചിതനാക്കട്ടെ, എല്ലാ രോഗത്തിൽ നിന്നും താങ്കൾക്ക് അവൻ ശമനം നൽകട്ടെ, അസൂയക്കാരൻ അസൂയ വെക്കുമ്പോൾ അവന്റെ തിന്മയിൽ നിന്നും, എല്ലാ കണ്ണേറുകാരന്റെ തിന്മയിൽ നിന്നും.”

اللّٰهُمَّ رَبَّ النَّاسِ أَذْهِبْ الْبَاسَ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ
إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَماً

“അല്ലാഹുവേ, ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ നീക്കേണമേ ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം.”

അല്ലെങ്കിൽ

امْسَحِ الْبَاسَ رَبَّ النَّاسِ بِيَدِكَ الشِّفَاءُ لَا كَاشِفَ لَهُ إِلَّا أَنْتَ

"ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ തുടച്ച് നീക്കേണമേ, നിന്റെ കരങ്ങളിലാണ് ശമനം, അതിനെ നീക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ല."

അല്ലെങ്കിൽ

اللهُمَّ رَبَّ النَّاسِ مُذْهِبْ الْبَاسَ اشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا أَنْتَ شِفَاءً لَا يُغَادِرُ سَقَماً

"അല്ലാഹുവേ, ജനങ്ങളുടെ റബ്ബേ നീ വിപത്തിനെ നീക്കേണമേ ഈ മനുഷ്യന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. ഒരു രോഗവും അവശേഷിക്കാത്ത ശമനം."

ഇവ പലപ്രാവിശ്യം പറയുകയും രോഗിയുടെ മേൽ അല്ലെങ്കിൽ വേദനയുള്ള ഭാഗത്ത് തടകി.

നബിﷺ ചൂണ്ടുവിരലിൽ ഉമിനീരെടുത്ത് മണ്ണിൽ വച്ചതിനു ശേഷം ആ വിരൽ ഉയർത്തി രോഗബാധയുള്ള സ്ഥലത്ത് തടകിക്കൊണ്ട് പറഞ്ഞു:

بِسْمِ اللهِ تُرْبَةُ أَرْضِنَا بِرِيقَةِ بَعْضِنَا يُشْفَى سَقِيمُنَا بِإِذْنِ رَبِّنَا

"അല്ലാഹുവിന്റെ നാമത്തിൽ നമ്മുടെ ഉമിനീരോട് കൂടിയ നമ്മുടെ ഭൂമിയിലെ കുറച്ച് മണ്ണ് നമ്മുടെ രോഗിക്ക് രോഗശമനം ലഭിക്കും, നമ്മുടെ റബ്ബിന്റെ അനുമതിയോടെ."

أَسْأَلُ اللهَ العَظِيْمَ رَبَّ العَرْشِ العَظِيْمِ أَنْ يَشْفِيَكَ

"താങ്കൾക്ക് ശമനം ലഭിക്കുന്നതിന് ഉന്നതമായ അർശിന്റെ റബ്ബായ ഉന്നതനായ അല്ലാഹുവിനോട് ഞാൻ ചോദിക്കുന്നു."

(ഏഴ് പ്രാവശ്യം)

ضَعْ يَدَكَ عَلَى الَّذِي تَأَلَّمَ مِنْ جَسَدِكَ وَقُلْ : بِسْمِ اللهِ ثَلَاثاً وَقُلْ سَبْعَ مَرَّاتٍ : أَعُوذُ بِا للهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ

ശരീരത്തിൽ നന്നും വേദന അനുഭവപ്പെടുന്ന ഭാഗത്ത് കരം വെക്കുക എന്നിട്ട് 'ബിസ്മില്ലാഹ്' എന്ന് മൂന്ന് പ്രാവശ്യം പറയുക. ശേഷം, 'അല്ലാഹുവിന്റെ ശക്തി കൊണ്ട് ഞാൻ അനുഭവിക്കുന്നതും വരാതെ കാത്തുസൂക്ഷിക്കുന്നതുമായ എല്ലാ തിന്മയിൽ നിന്നും അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു." എന്ന് ഏഴ് പ്രാവശ്യം പറയുക.

കണ്ണേറ് ബാധിച്ചവനു വേണ്ടി പറയുംഃ

أَعُوذُ بِكَلِمَاتِ اللهِ التَّامَّةِ مِنْ كُلِّ شَيْطَانٍ وَهَامَّةٍ وَمِنْ كُلِّ عَيْنٍ لَامَّةٍ

'എല്ലാ പിശാചുക്കളിൽ നിന്നും എല്ലാ ഇഴജന്തുക്കളിൽ നിന്നും എല്ലാ കണ്ണേറുകളിൽ നിന്നും അല്ലാഹുവിന്റെ പരിപൂർണ്ണമായ വചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു."

ഒരാളിൽ നിന്നും കണ്ണേറിനെ ഭയന്നാൽ ആ വ്യക്തിയെക്കൊണ്ട് അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിപ്പിക്കൽ.

കണ്ണേറ് ബാധിച്ചു കഴിഞ്ഞതിന് ശേഷം കണ്ണേറുകാരൻ കഴുകിയ വെള്ളം ബാധിച്ച വ്യക്തിയുടെ മേൽ ഒഴിക്കൽ.

രോഗശമനം തേടുന്നതിലും രോഗങ്ങളിൽ നിന്നും ഇടങ്ങേറുകളിൽ നിന്നുമെല്ലാം ആഫിയത്തിനായി പ്രാർത്ഥനകൾ അധികരിപ്പിക്കുകയും അല്ലാഹുവിലേക്ക് വിനയപ്പെടുകയും ചെയ്യൽ.

നബിﷺ റുഖിയ ചെയ്യുന്ന വിഷയത്തിൽ അനുവാദം നൽകിയിരിക്കുന്നത് ശറഇനോട് എതിരാകാത്ത മന്ത്രത്തിനാണ്. അവിടുന്ന് പറഞ്ഞുഃ

لَا بَأْسَ طَهُورٌ إِنْ شَاءَ اللَّهُ

"ശിർക്കില്ലാത്ത മന്ത്രം കൊണ്ട് കുഴപ്പമില്ല." (മുസ്ലിം 2200)

അബൂദാവൂദിന്റെ ശറആയ ഔനുൽ മഅബൂദിൽ പറയുന്നു: "ശറഇന്റെ ഭാഗത്ത് നിന്നും തടസ്സമില്ലാത്തതും ഉപദ്രവം ഇല്ലാത്തതുമായ വസ്തുക്കൾ കൊണ്ടെല്ലാം മന്ത്രിക്കാമെന്നും ചികിത്സിക്കാമെന്നും ഇതിൽ തെളിവുണ്ട്. മന്ത്രം മനസിലാക്കപ്പെടുന്ന വചനങ്ങൾ കൊണ്ടായിരിക്കണം. മനസ്സിലാകാത്ത പദമാണെങ്കിൽ അതിൽ കുറഞ്ഞ തോതിലാകട്ടെ കൂടിയ തോതിലാകട്ടെ അതിൽ ശിർക്ക് ഉണ്ടാകുന്നതിൽ നിന്നും മുക്തമല്ല."

## ദുആ കൊണ്ട് ചികിത്സിക്കൽ

(ശൈഖ് മുഖ്ബിൽ ജാമിഅ് സ്വഹീഹിൽ കിതാബ് തിബ്ബ് അന്നവവിയിൽ അദ്ധ്യായം 7)

അല്ലാഹു പറയുന്നു:

﴿وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾ فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾﴾

الأنبياء: ٨٣ - ٨٤

"അയ്യൂബിനെയും (ഓർക്കുക) തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കരുണചെയ്യുന്നവരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും, അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും, അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള

ഒരു കാരുണ്യവും, ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്." (സൂറത്തുൽ അമ്പിയാഅ്ഃ 83, 84)

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ وَالْجُنُونِ وَالْجُذَامِ وَمِنْ سَيِّئِ الأَسْقَامِ

"അല്ലാഹുവേ നിശ്ചയം വെള്ളപ്പാണ്ട്, ഭ്രാന്ത്, കുഷ്ഠരോഗം, മറ്റ് എല്ലാ മോശമായ രോഗങ്ങളിൽ നിന്നും ഞാൻ കാവൽ തേടുന്നു." (സ്വഹീഹ് അബൂദാവൂദ് 1375)

ഹാഫിള് ഇബ്നുകയ്യിം ജവാബുൽ കാഫിയിൽ പറയുന്നുഃ "പ്രാർത്ഥന എന്നത് ഒരു ആയുധമാണ്. മൂന്ന് സംഗതികൾ ചേരുമ്പോഴാണ് ഒരു ആയുധം ഫലപ്രദമാകുന്നത്. ആയുധം മൂർച്ച ഉള്ളതും ഉപയോഗിക്കുന്ന കരങ്ങൾ കരുത്തുള്ളതും ആകണം കൂടാതെ മറ്റ് തടസങ്ങളൊന്നും ഇല്ലാതിരിക്കുകയും വേണം എന്നാൽ മാത്രമേ ആ ആയുധം കൊണ്ട് ശത്രുവിന് നാശമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ പറഞ്ഞതിൽ നിന്ന് ഒന്ന് പിന്നോക്കം പോയിക്കഴിഞ്ഞാൽ അതിന്റെ ഫലപ്രാപ്തിയും പിന്നോക്കം പോകും. ദുആഅ് നല്ല കാര്യത്തിനല്ലെങ്കിലോ മനസാന്നിധ്യത്തോടെ അല്ലെങ്കിലോ ഉത്തരം ലഭിക്കുന്നതിന് തടസമുള്ളവനോ ആയാൽ (ദുആയുടെ ആദാബുകൾ പാലിച്ചില്ല എങ്കിൽ) ഫലം ചെയ്യുകയില്ല."

## സിഹ്റിനുള്ള ചികിത്സ ദുആയിലൂടെ

ആയിശ നിവേദനം: റസൂൽﷺമിന് സിഹ്റ് ബാധിച്ചപ്പോൾ അതു നിമിത്തം റസൂൽﷺമിന് ചെയ്യാത്ത കാര്യങ്ങൾ ചെയ്തതായി തോന്നാൻ തുടങ്ങി. ഒരു ദിവസം- അല്ലെങ്കിൽ ഒരു രാത്രി അവിടുന്ന്ﷺ അല്ലാഹുവിനോട് പ്രാർത്ഥിച്ചു, പിന്നെയും പിന്നെയും പ്രാർത്ഥിച്ചു. ശേഷം റസൂൽﷺ പറഞ്ഞു:

يَا عَائِشَةُ أَشَعَرْتِ أَنَّ اللهَ أَفْتَانِي فِيمَا اسْتَفْتَيْتُهُ فِيهِ جَاءَنِي رَجُلَانِ فَقَعَدَ أَحَدُهُمَا عِنْدَ رَأْسِي وَالْآخَرُ عِنْدَ رِجْلَيَّ فَقَالَ عِنْدَ رِجْلَيَّ أَوْ الَّذِي عِنْدَ رَأْسِي مَا وَجَعُ الرَّجُلِ قَالَ: مَطْبُوبٌ قَالَ: مَنْ طَبَّهُ قَالَ: لَبِيدُ بنُ الْأَعْصَمِ قَالَ فِي أَيِّ شَيْءٍ قَالَ فِي مُشْطٍ وَمُشَاطَةٍ وَجُفِّ طَلْعَةِ ذَكَرٍ قَالَ فَأَيْنَ هُوَ قَالَ فِي بِئْرِ ذِي أَرْوَانَ قَالَتْ فَأَتَاهَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي أُنَاسٍ مِنْ أَصْحَابِهِ ثُمَّ قَالَ: يَاعَائِشَةُ وَاللهِ لَكَأَنَّ مَاءَهَا نُقَاعَةُ الْحِنَّاءِ، وَلَكَأَنَّ نَخْلِهَا رُؤُوسُ الشَّيَاطِينِ فَقُلْتُ: يَارَسُولَ اللهِ أَفَلَا اَحْرَقْتَهُ؟ قال: صَلَّى اللهُ عَلَيْهِ وَسَلَّمَ لَا أَمَّا أَنَا فَقَدْ عَافَانِي اللهُ، وَكَرِهْتُ أَنْ أُثِيرَ عَلَى النَّاسِ شَرّاً، فَأَمَرْتُ بِهَا فَدُفِنَتْ

“ഓ ആയിശാ, നിനക്കറിയുമോ, നിശ്ചയം ഞാൻ

അല്ലാഹുവിനോട് ചോദിച്ച ഒരു കാര്യം അവൻ എനിന്ന് വ്യക്തമാക്കി തന്നിരിക്കുന്നു. രണ്ടാളുകൾ എന്റടുത്ത് വന്നു. അവരിലൊരാൾ എന്റെ തലയ്ക്കലും മറ്റൊരാൾ കാൽ ചുവട്ടിലുമിരുന്നു. തലയ്ക്കലുള്ള ആൾ കാൽചുവട്ടിലുള്ള ആളോട് അല്ലെങ്കിൽ കാൽചുവട്ടിലുള്ള ആൾ തലയ്ക്കലുള്ള ആളോട് തിരക്കി; എന്താണീ മനുഷ്യന്റെ പ്രയാസം? മറ്റേ ആൾ പറഞ്ഞു: ഇദ്ദേഹത്തിന് സിഹ്റ് ചെയ്യപ്പെട്ടു, അദ്ദേഹം ചോദിച്ചു; ആരാണത് ചെയ്തത്? അയാൾ പറഞ്ഞു: ലബീദ് ബ്നുഅഅ്സം, അയാൾ ചോദിച്ചു: എന്തിലാണ്?, അദ്ദേഹം പറഞ്ഞു; ചീർപ്പിലും അതിൽ ശേഖരിച്ച മുടിയിലും, ഇന്തപ്പനയുടെ ആൺ പൂക്കുലയുടെ പോളയിലും; അദ്ദേഹം ചോദിച്ചു; അതെവിടെയുണ്ട്? അയാൾ പറഞ്ഞു; അർവാനിലെ ഒരു കിണറിൽ. അവർ പറഞ്ഞു: പ്രവാചകൻﷺതന്റെ കുറച്ച് അനുയായികളുമായി ആ കിണറിന് അരികിലേക്ക് പോയി, തിരിച്ച് വന്നിട്ട് പറഞ്ഞു: ഓ ആയിശാ, നിശ്ചയം അതിലെ ജലം മൈലാഞ്ചി ഇലകൾ പിഴിഞ്ഞെടുത്തത് പോലെയായിരുന്നു. അവിടുത്തെ ഈന്തപ്പനകൾ പിശാചുക്കളുടെ തലകൾ പോലെയുമായിരുന്നു. അവർ പറഞ്ഞു: ഞാൻ ചോദിച്ചു; അല്ലാവിന്റെ റസൂലേ, താങ്കൾ അത് പുറത്തെടുക്കാതിരുന്നതെന്ത്? അവിടുന്ന്ﷺ പറഞ്ഞു; അല്ലാഹു എന്റെ രോഗം ശിഫയാക്കി തന്നു. ഞാൻ ജനങ്ങൾക്കിടയിൽ തിന്മ ഇളക്കിവിടുന്നതിനെ ഞാൻ വെറുക്കുന്നു. അത് മൂടിക്കളയാൻ ഞാൻ കൽപന കൊടുക്കുകയും അത് മൂടുകയും ചെയ്തു." (ബുഖാരി 5763, മുസ്‌ലിം 2189)

ശറഅ് മുസ്‌ലിമിൽ ഇമാം നവവി പറയുന്നു: "പ്രയാസകരമായ സംഗതികൾ ഉണ്ടാവുകയാണെങ്കിൽ അല്ലാഹുവിലേക്ക് അഭയം കണ്ടെത്തുന്നതിൽ കഠിന പരിശ്രമം നടത്തുകയും ദുആ ചെയ്യുകയും അത് ആവർത്തിച്ച് ചെയ്യലും സുന്നത്താണ് എന്നതിന് ഈ ഹദീഥിൽ തെളിവുണ്ട്."

## അപസ്മാരത്തിനുള്ള ചികിത്സ ദുആയിലൂടെ

അത്വാഅ് ബ്നുഅബീറബാഹ് പറഞ്ഞു: ഇബ്നുഅബ്ബാസ്ﷺ എന്നോട് ചോദിച്ചു: "സ്വർഗവാസികളിൽ പെട്ട ഒരു സ്ത്രീയെ ഞാൻ നിനക്ക് കാട്ടിതരട്ടെയോ?" ഞാൻ പറഞ്ഞു: "കാണിച്ചുതന്നാലും" അദ്ദേഹം പറഞ്ഞു: "ഈ കറുത്ത സ്ത്രീയാണത്, അവർ നബി യുടെ അടുത്ത് ചെന്ന് പറഞ്ഞു: "നബിയേ ഞാൻ അപസ്മാരം വന്ന് വീഴുകയും വസ്ത്രം നീങ്ങിപ്പോവുകയും ചെയ്യാറുണ്ട് ആയതിനാൽ എനിക്ക് വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യണം." റസൂൽﷺ പറഞ്ഞു:

إِنْ شِئْتِ صَبَرْتِ وَلَكِ الْجَنَّةُ، وَإِنْ شِئْتِ دَعَوْتُ اللهَ أَنْ يُعَافِيَكِ

''നീ ഉദ്ധേശിക്കുന്നുവെങ്കിൽ നീ ക്ഷമിക്കുക നിനക്ക് സ്വർഗമുണ്ടായിരിക്കും, നിനക്ക് വേണമെങ്കിൽ നിനക്ക് ശാരീരിക ആരോഗ്യത്തിന് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യാം."

അപ്പോൾ അവർ പറഞ്ഞു: "ഞാൻ ക്ഷമിക്കാം", ശേഷം പറഞ്ഞു, ''ഞാൻ നഗ്നയായി പോകാറുണ്ട് എന്റെ നഗ്നത വെളിവാകാതിരിക്കുവാൻ അല്ലഹുവോട് ദുആ ചെയ്യൂ." അങ്ങനെ അവർക്കു വേണ്ടി റസൂൽﷺ ദുആ ചെയ്തു. (ബുഖാരി 5652, മുസ്ലിം 2576)

ഹാഫിള് ഇബ്നുഹജർ ഈ ഹദീഥിന്റെ ചർച്ചയിൽ ഫത്ഹുൽ ബാരിയിൽ പറയുന്നു: "എല്ലാ രോഗങ്ങളുടേയും ചികിത്സ ദുആ കൊണ്ടും അല്ലാഹുവിലേക്ക് അഭയം തേടലും കൊണ്ടാണ് മരുന്നുകൾ കൊണ്ട് ചികിത്സിക്കുന്നതിനെക്കാൾ ഏറ്റവും ഫലപ്രദവും ഉപകാരപ്പെടുന്നതും അതാണ്. അതിന്റെ ഫലപ്രാപ്തിയും ആ പ്രാർത്ഥനകളോടുള്ള ശരീരത്തിന്റെ പ്രതിപ്രവർത്തനവും മരുന്നുകളോടുള്ള ശരീരത്തിന്റെ പ്രതിപ്രവർത്തനത്തെക്കാൾ മഹത്തായതാണ്. പ്രാർത്ഥന വേണ്ടരീതിയിലാകണമെന്ന് മാത്രം. അതുപോലെ ബോധം കെട്ട് വീഴുന്നവരുടെ ശ്രേഷ്ടതയും ഈ ഹദീഥിലുണ്ട്. ഈ ഭൗതിക പരീക്ഷണങ്ങൾ സ്വർഗത്തെ അനന്തരമാക്കുന്നുണ്ട്. കഴിവുള്ള ആളുകൾ ഇളവുകൾ

തെടിപ്പോകുന്നതിനെക്കാൽ ഉത്തമം പ്രയാസങ്ങൾ സ്വീകരിക്കുന്നതാണ്. ഒരു രോഗം ബാധിക്കുകയും അതിന് ചികിത്സിക്കാതിരിക്കുകയും ചെയ്യൽ അനുവദനീയമാണ് എന്നതിനും ഈ ഹദീഥിൽ തെളിവുണ്ട്.”

ഞാൻ (ഗ്രന്ഥകാരൻ) പറയട്ടെഃ “ഒരു സ്വാലിഹായ വ്യക്തിയോട് രോഗശമനത്തിന് ദുആ ചെയ്യാൻ പറയൽ അനുവദനീയമാണ് എന്നതിനും ഇതിൽ തെളിവുണ്ട്.”

ഇബ്നുക്വയ്യിം സാദുൽമആദിൽ പറയുന്നുഃ ‘‘‘ഇത്തരം രോഗങ്ങളെ ചികിത്സിക്കുന്നതിന് രണ്ട് കാര്യങ്ങൾ അനിവാര്യമാണ്. ഒന്നാമത്തേത് രോഗബാധിതനായ വ്യക്തിയുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതാണ്. രണ്ടാമത്തേത് ചികിത്സകന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടതും. രോഗബാധിതന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടത്, ഇത്തരം ആത്മാക്കളെ സൃഷ്ടിച്ചവനിലേക്ക് രോഗി സത്യസന്ധമായി തിരിയേണ്ടതും മനസാന്നിധ്യത്തോടെയും ശരിയായ രീതിയിൽ അഭയം തേടലിലൂടെയും തന്റെ മനസ്സ് ശക്തിപ്പെടുത്തുക എന്നതാണ്. കാരണം ഇതൊരു യുദ്ധമാണ്. രണ്ട് കാര്യങ്ങൾ കൊണ്ടല്ലാതെ പോരാടുന്നവന് തന്റെ ആയുധം കൊണ്ടുള്ള പ്രതിക്രിയ പൂർത്തിയാക്കുവാൻ കഴിയുകയില്ല. ഒന്നാമത്തേത് ആയുധം തകരാറില്ലാത്തതും മൂർച്ചയുള്ളതുമാകണം. രണ്ടാമത്തേത് ആ ആയുധം പ്രയോഗിക്കുന്ന കരങ്ങൾ ശക്തിയുള്ളതാകണം. ഇത് രണ്ടും ചേരുമ്പോഴാണല്ലോ ശത്രുവിനെ ഫലപ്രദമായി നേരിടാനാവുക. ആയതിനാൽ ഇവ രണ്ടിലൊന്നിന്റെ അഭാവം മൂലം ആയുധം വേണ്ടവിധം പ്രയോഗിക്കാൻ കഴിയുകയില്ല എന്നതാണ്. ഇത് രണ്ടും ഇല്ലെങ്കിൽ എന്തായിരിക്കും അവസ്ഥ? തൗഹീദിൽ നിന്നും തവക്കുലിൽ നിന്നും അല്ലാഹുവിലേക്ക് ആത്മാർത്ഥമായി തിരിയുക എന്ന ഗുണത്തിൽ നിന്നും ഹൃദയം ശൂന്യമായി തീരുമ്പോൾ അവൻ ആയുധമില്ലാത്ത അവസ്ഥയിലായിരിക്കും.

രണ്ടാമത്തേത് ചിതിത്സകന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. മേൽപറഞ്ഞ രണ്ട് കാര്യങ്ങളും ചികിത്സകനും ഉണ്ടാകേണ്ടതാണ്.”

# അല്ലാഹുവിന്റെ സുന്ദരമായ നാമങ്ങൾ

അല്ലാഹു പറയുന്നു:

﴿وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا﴾ الأعراف: ١٨٠

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക." (സൂറത്തുൽ അഅ്റാഫ്: 180)

നിശ്ചയം നീ അല്ലാഹുവാണ് എന്നതിനാൽ അല്ലാഹുവേ നിന്നോട് ഞാൻ ചോദിക്കുന്നു. നീയല്ലാതെ ഒരു ആരാധ്യനുമില്ലാത്തവനായ, പരമകാരുണികൻ, കരുണാവാരിധി, രാജാവ്, പരമ പരിശുദ്ധൻ, നൂനതയില്ലാത്തവൻ, നിർഭയത്വം നൽകുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ, സർവ്വപ്രതാപി, അടക്കിഭരിക്കുന്നവൻ, സർവ്വാദരണീയൻ, സ്രഷ്ടാവ്, ജീവൻ നൽകുന്നവൻ, രൂപം നൽകുന്നവൻ, എല്ലാം സൃഷ്ടിച്ചവൻ, അതിജയിച്ചവൻ,, സകലതും അധീനപ്പെടുത്തിയവൻ, അത്യുദാരൻ, അന്നദാദാവ്, പ്രയാസങ്ങൾ അകറ്റുന്നവൻ, സർവ്വജ്ഞാനി, എല്ലാം കേൾക്കുന്നവൻ, എല്ലാം കാണുന്നവൻ, യുക്തിജ്ഞൻ, അങ്ങേയറ്റം ദയാലു, എല്ലാം അറിയുന്നവൻ, സഹനതയുള്ളവൻ, മഹോന്നതൻ, മാപ്പുചെയ്യുന്നവൻ, പാപങ്ങൾ പൊറുക്കുന്നവൻ, ഏറെ പൊറുക്കുന്നവൻ, നന്ദിയുള്ളവൻ, നന്മകൾക്ക് വിലകൽപിക്കുന്നവൻ, വലിയവൻ, സംരക്ഷകൻ, മേൽനോട്ടക്കാരൻ, സാക്ഷിയായിട്ടുള്ളവൻ, വിശാലത ചെയ്യുന്നവൻ, എറെ സ്നേഹമുള്ളവൻ, സത്യവാൻ, വ്യക്തമാക്കുന്നവൻ, ശക്തൻ, പ്രബലൻ, യജമാനൻ, രക്ഷാധികാരി, സ്തുത്യർഹൻ. പ്രതാപി

ആരാധ്യൻ എല്ലത്തിനേയും നിലനിർത്തുന്നവൻ, ഒന്നാമൻ, ഏകൻ, നിരാശ്രയൻ, അത്യുന്നതൻ, മഹോന്നതൻ, ഉന്നതസ്ഥാനീയൻ, ബഹുമാന്യൻ, അത്യുദാരൻ, എന്നെന്നും ജീവിച്ചിരിക്കുന്നവൻ, ഔദാര്യത്തിന്റേയും ഔന്നിത്യത്തിന്റേയും ഉടമ

ആരാധ്യൻ, കഴിവുള്ളവൻ, എല്ലത്തിനും കഴിവുള്ളവൻ, സമ്പൂർണ്ണ ശേഷിയുള്ളവൻ, ആദ്യമേ ഉള്ളവൻ, അവസാനം ശേഷിക്കുന്നവൻ, പ്രത്യക്ഷൻ, മറഞ്ഞവൻ, അടുത്തവൻ, ഉപകാരി, പശ്ചാത്താപം സ്വീകരിക്കുന്നവൻ, കൃപയുള്ളവൻ, മഹാരാജൻ, സർവ്വാധികാരി,

ഐശ്വര്യമുള്ളവൻ, സന്മാർഗം കാണിക്കുന്നവൻ, ഉത്തരം നൽകുന്നവൻ, ശക്തി നൽകുന്നവൻ, എല്ലാത്തിനേയും അറിവ് കൊണ്ട് വലയം ചെയ്തവൻ, ഏറെ സഹായിക്കുന്നവൻ, രൂപം നൽകുന്നവൻ, എല്ലാകാര്യങ്ങളും ഏറ്റെടുത്ത് നടത്തുന്നവൻ, ഏവർക്കും മതിയായവൻ, ഏവർക്കും സംരക്ഷകൻ, എല്ലാ സഹായങ്ങളും ചോദിക്കപ്പെടുന്നവൻ, അനന്തരമെടുക്കുന്നവൻ

രക്ഷിതാവ്, ഏറെ സൗന്ദര്യമുള്ളവൻ, യഥാർത്ഥ വിധികർത്താവ്, ഏറെ അലിവുള്ളവൻ, പരമപരിശുദ്ധൻ, നേതാവ്, ശമനം നൽകുന്നവൻ, വിശുദ്ധൻ, ചികിത്സിക്കുന്നവൻ, പിടിച്ചെടുക്കുന്നവൻ, വിശാലത ചെയ്യുന്നവൻ, അന്നദാതാവ്, മുന്തിക്കുന്നവൻ, പിന്തിക്കുന്നവൻ, നൽകുന്നവൻ, അനുഗ്രഹങ്ങൾ ചൊരിയുന്നവൻ, കഠിനമായി ശിക്ഷിക്കുന്നവൻ, സമാനതകളില്ലാത്തവൻ, എന്നും ജീവിച്ചിരിക്കുന്നവൻ, മറച്ചുവെക്കുന്നവൻ, തീരുമാനം എടുക്കുന്നവൻ.

രഹസ്യ പരസ്യങ്ങൾ അറിയുന്നവൻ, അദൃശ്യങ്ങൾ അറിയുന്നവൻ, പാപങ്ങൾ പൊറുക്കുന്നവൻ, ആകാശ ഭൂമികൾ മുൻമാതൃക ഇല്ലാതെ സൃഷ്ടിച്ചവൻ, ആകാശഭൂമികളുടെ സൃഷ്ടാവ്, ആകാശഭൂമികളുടെ പ്രകാശം

(ഇതെല്ലാം അല്ലാഹുവിന്റെ നാമങ്ങളുടെ പൂർണ്ണമായ അർത്ഥങ്ങൾ അല്ല. ഈ അർത്ഥങ്ങൾ ഉപയോഗിച്ച് കൊണ്ട് അല്ലാഹുവിനെ വിളിക്കുകയല്ല, മറിച്ച് അവന്റെ നാമങ്ങൾ ഉപയോഗിച്ച് അവനെ വിളിക്കുകഃ വിവർത്തകൻ)

## ചില പ്രയോജനങ്ങളും ഉണർത്തലുകളും

മജ്മൂഉൽ ഫതാവയിൽ ശൈഖ് മുഹമ്മദ് സ്വാലിഹ് അൽഉസൈമീൻ പറഞ്ഞു: "മരുന്നുകൾ രോഗശമനത്തിനുള്ള ഒരു കാരണമാണെന്ന് നീ അറിയണം. എന്നാൽ ആ കാരണം ഉണ്ടാക്കിയവൻ അല്ലാഹുവാണ്. ആയതിനാൽ ആ കാരണമാക്കിയത് അല്ലാതെ മറ്റ് മരുന്നില്ല. അല്ലാഹു കാരണമാക്കിയിരിക്കുന്നത് രണ്ട് തരമുണ്ട് 1. ശറഇയായ കാരണം, ഖുർആൻ, ദുആ എന്നിവ പോലെ. സൂറത്തുൽ ഫാതിഹയുടെ വിഷയത്തിൽ

وَمَا يُدْرِيكَ أَنَّهَا رُقْيَةٌ

''അത് ഒരു റുഖിയ ആയിരുന്നു എന്ന് നിനക്ക് അറിയുമായിരുന്നുവോ?"

എന്ന് നബിﷺ പറഞ്ഞത് പോലെയും നബി തന്നെ രോഗികൾക്ക് മന്ത്രിച്ചിരുന്നത് പോലെയും. അപ്രകാരം നബി പ്രാർത്ഥിക്കുമ്പോൾ അല്ലാഹു രോഗശമനം ഉദ്ധേശിച്ചിരുന്നവർക്ക് പ്രവാചകന്റെﷺ ദുആയിലൂടെ അല്ലാഹു രോഗശമനം നൽകുന്നു."

രണ്ട് ഗോചരമായ കാരണങ്ങൾ: തേൻ പോലെ ശറഇന്റെ മാർഗത്തിലൂടെ അറിയപ്പെട്ട ഭൗതികമായ മരുന്നുകൾ. അല്ലെങ്കിൽ അനുഭവത്തിലൂടെ മനസിലാക്കിയ മരുന്നുകൾ ആധുനികമായ മരുന്നുകൾ പോലെ." (ഉസൈമീൻ മജ്മൂഉ ഫതാവഃ 1/66, 69)

ശൈഖ് ഇബ്നുബാസ് പറഞ്ഞു: "ഒരു വ്യക്തിയുടെ ജീവിത കാലയളവ് പൂർത്തീകരിച്ചു കഴിഞ്ഞു എങ്കിൽ രോഗിക്ക് ശമനം നൽകപ്പെടുകയോ ഒരു മരുന്നും ഫലം ചെയ്യുകയോ ഇല്ല. മരണം നിശ്ചയിക്കപ്പെടുകയും ചെയ്തിരിക്കുന്നു." (ഇബ്നുബാസ് മജ്മൂഉ ഫതാവഃ 8/62)

ശൈഖ് ഇബ്നുബാസ് തന്റെ മജ്മൂഉ ഫതാവയിൽ (8/144) പറയുന്നു: "സിഹ്റിന് പലതരം ചികിത്സകളുണ്ട്.

ഒന്ന്) ആദ്യമായി സിഹ്റിന്റെ പ്രവർത്തി എന്ത് വസ്തുവിലാണ് ചെയ്തതെന്ന് നോക്കണം. അത് മനസ്സിലാക്കി കഴിഞ്ഞാൽ, ഉദാഹരണത്തിന്; കുറച്ച് മുടിയിൽ ചെയ്ത് എവിടെയെങ്കിലും വച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി കഴിഞ്ഞാൽ അല്ലെങ്കിൽ ആ മുടി

ചീർപ്പിനുള്ളിലോ അതുപോലുള്ള മറ്റെന്തെങ്കിലുമോ ആക്കി ഇന്ന ആളുടെ സ്ഥലത്ത് വച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി കഴിഞ്ഞാൽ, അത് അവിടെ നിന്നും എടുത്ത് കരിച്ചു കളയണം. അപ്പൊൾ ആ സിഹ്റിന്റെ ഫലവും സാഹിർ ഉദ്ധേശിച്ച ഇടങ്ങങ്ങേറുകളും ഇല്ലാതാകും.

രണ്ട്) സാഹിർ തന്നെ സിഹ്റ് നീക്കുമെന്ന് മനസ്സിലായി കഴിഞ്ഞാൽ അയാൾ തന്നെ ആ പ്രവർത്തി നീക്കുന്നതിന് അവനെ നിർബന്ധിക്കണം. (അത് എവിടെയാണ് വച്ചിരിക്കുന്നതെന്ന് അയാൾ പറഞ്ഞു തരുമെന്ന് മനസ്സിലാക്കിയാൽ അത് അറിയിച്ച് തരുവാൻ അവനെ നിർബന്ധിക്കണം. അതിൽ കുഴപ്പമില്ല. എന്നാൽ മറ്റൊരു സിഹ്റിലൂടെ ആദ്യ സിഹ്റിനെ ഇല്ലാതാക്കുക എന്നതല്ല. സിഹ്റിനെ സിഹ്റ് കൊണ്ട് തന്നെ ദുർബലപ്പെടുത്തുക എന്നത് ഒരിക്കലും അനുവദനീയമല്ല.) അയാളെ നിർബന്ധിച്ച് കൊണ്ട് പറയണം; 'നീ ചെയ്ത് വച്ചിരിക്കുന്നത് നീ തന്നെ നീക്കണം. നീക്കിയില്ലെങ്കിൽ നിന്റെ കഴുത്ത് വെട്ടും' ശേഷം അയാൾ ആ സിഹ്റിന്റെ വസ്തുവിനെ നീക്കം ചെയ്തു കഴിഞ്ഞാൽ ഭരണാധികാരി അയാളെ വധിച്ചു കളയണം. കാരണം തൗബ പോലും ആവശ്യപ്പെടാതെ സാഹിർ കൊല്ലപ്പെടണം എന്നതാണ് ശരിയായ അഭിപ്രായം.

മൂന്ന്) റുഖിയ പാരായണംഃ പരിശുദ്ധ ക്വുർആന് സിഹ്റിനെ നീക്കം ചെയ്യുന്നതിൽ മഹത്തായ ഫലമുണ്ട്. ഇത് സിഹ്റ് ബാധിച്ച വ്യക്തിയുടെ മേൽ പാരായണം ചെയ്യുകയാണ് വേണ്ടത്. അല്ലെങ്കിൽ ഒരു പാത്രം ജലത്തിലേക്ക് പാരായണം ചെയ്യണം. ആയതുൽ കുർസിയ്യും സൂറത്തുൽ അഅ്റാഫിലേയും യൂനുസിലേയും ത്വാഹയിലേയും സിഹ്റിന്റെ ആയതുകളും അതിനോടൊപ്പം സൂറത്തുൽ ഇഖ്ലാസും മുഅവ്വദതയ്നും പാരായണം ചെയ്യുക. ഇതോടൊപ്പം അദ്ദേഹത്തിന് രോഗശമനത്തിനും ശാരീരിക ആരോഗ്യത്തിനും വേണ്ടി പ്രാർത്ഥിക്കണം. വിശിഷ്യാ പ്രവാചകനിൽ നിന്നും സ്തിരപ്പെട്ടതായ പ്രാർത്ഥനകളാണ് എടുത്ത് പറയേണ്ടത്. അവഃ

اللهُمَّ رَبَّ النَّاسِ أَذْهِبْ الْبَاسَ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ
إِلَّا شِفَاؤُكَ شِفَاءاً لَا يُغَادِرُ سَقَماً

അതിൽ പെട്ടതാണ് ജിബ്‌രീൽ നബി യെ മന്ത്രിച്ചതായി സ്ഥിരപ്പെട്ടു:

بِسْمِ اللهِ يُبْرِيكَ وَمِنْ كُلِّ دَاءٍ يَشْفِيكَ وَمِنْ شَرِّ حَاسِدٍ إِذا حَسَدَ وَمِنْ شَرِّ كُلِّ ذِي عَيْنٍ

ഈ പറഞ്ഞ രീതി മൂന്ന് വട്ടം ആവർത്തിക്കണം.

ഈ പറഞ്ഞവ ജലത്തിലേക്ക് പാരായണം ചെയ്യുകയും അതിൽ നിന്നും സിഹ്റ് ബാധിതൻ കുടിക്കുകയും ബാക്കിയുള്ള വെള്ളം കൊണ്ട് ഒന്നോ അതിൽ കൂടുതലോ പ്രാവിശ്യം ആവശ്യം അനുസരിച്ച് കുളിക്കുകയും ചെയ്യുക. തീർച്ചയായും അത്കൊണ്ട് അല്ലാഹുവിന്റെ സഹായത്താൽ ഉപദ്രവം നീങ്ങിപ്പോകുന്നതാണ്.

നാല്) സിദ്റിന്റെ ഏഴ് പച്ച ഇലകൾ എടുത്ത് അരച്ച് വെള്ളത്തിൽ കലർത്തുക. ശേഷം അതിലേക്ക് മുകളിൽ പറഞ്ഞ ആയത്തുകളും ദുആകളും പാരായം ചെയ്യുക. അതിൽ നിന്നും കുടിക്കുകയും ബാക്കി കൊണ്ട് കുളിക്കുകയും ചെയ്യുക. ഇത് പ്രധാനമായും ഒരു വ്യക്തി തന്റെ ഇണയിൽ നിന്നും തടയപ്പെടുമ്പോൾ വളരെയധികം ഉപകാരപ്പെടുന്ന ഒരു ചികിത്സയാണ്. ഇബ്നുബാസ് മജ്മൂഉ ഫതാവഃ 6/289)

സിഹ്റ് ബാധിച്ചവർക്കും അതുപോലെ ഇണകളുമായുള്ള ലൈംഗികബന്ധത്തിൽ നിന്നും തടയപ്പെട്ടവർക്കും സിദ്റിന്റെ പച്ച ഇലകൾ കലർത്തിയ ജലത്തിൽ പാരായണം ചെയ്യേണ്ടതായ ആയത്തുകൾ:

﴿ بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ۝١ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ۝٢ ٱلرَّحْمَٰنِ ٱلرَّحِيمِ ۝٣ مَٰلِكِ يَوْمِ ٱلدِّينِ ۝٤ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝٥ ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ۝٦ صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ ۝٧ ﴾ الفاتحة: ١ – ٧

۞ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي
ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ يَعۡلَمُ مَا
بَيۡنَ أَيۡدِيهِمۡ وَمَا خَلۡفَهُمۡۖ وَلَا يُحِيطُونَ بِشَيۡءٖ مِّنۡ عِلۡمِهِۦٓ إِلَّا بِمَا شَآءَۚ وَسِعَ
كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ وَلَا يَـُٔودُهُۥ حِفۡظُهُمَاۚ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ٢٥٥ ۞

البقرة: ٢٥٥

۞ قَالَ إِن كُنتَ جِئۡتَ بِـَٔايَةٖ فَأۡتِ بِهَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ١٠٦
فَأَلۡقَىٰ عَصَاهُ فَإِذَا هِيَ ثُعۡبَانٞ مُّبِينٞ ١٠٧ وَنَزَعَ يَدَهُۥ فَإِذَا هِيَ بَيۡضَآءُ
لِلنَّٰظِرِينَ ١٠٨ قَالَ ٱلۡمَلَأُ مِن قَوۡمِ فِرۡعَوۡنَ إِنَّ هَٰذَا لَسَٰحِرٌ عَلِيمٞ ١٠٩
يُرِيدُ أَن يُخۡرِجَكُم مِّنۡ أَرۡضِكُمۡۖ فَمَاذَا تَأۡمُرُونَ ١١٠ قَالُوٓاْ أَرۡجِهۡ وَأَخَاهُ
وَأَرۡسِلۡ فِي ٱلۡمَدَآئِنِ حَٰشِرِينَ ١١١ يَأۡتُوكَ بِكُلِّ سَٰحِرٍ عَلِيمٖ ١١٢ وَجَآءَ
ٱلسَّحَرَةُ فِرۡعَوۡنَ قَالُوٓاْ إِنَّ لَنَا لَأَجۡرًا إِن كُنَّا نَحۡنُ ٱلۡغَٰلِبِينَ ١١٣ قَالَ
نَعَمۡ وَإِنَّكُمۡ لَمِنَ ٱلۡمُقَرَّبِينَ ١١٤ قَالُواْ يَٰمُوسَىٰٓ إِمَّآ أَن تُلۡقِيَ وَإِمَّآ
أَن نَّكُونَ نَحۡنُ ٱلۡمُلۡقِينَ ١١٥ قَالَ أَلۡقُواْۖ فَلَمَّآ أَلۡقَوۡاْ سَحَرُوٓاْ أَعۡيُنَ

ٱلنَّاسِ وَٱسۡتَرۡهَبُوهُمۡ وَجَآءُو بِسِحۡرٍ عَظِيمٍ ﴿١١٦﴾ ۞ وَأَوۡحَيۡنَآ إِلَىٰ مُوسَىٰٓ
أَنۡ أَلۡقِ عَصَاكَۖ فَإِذَا هِيَ تَلۡقَفُ مَا يَأۡفِكُونَ ﴿١١٧﴾ فَوَقَعَ ٱلۡحَقُّ وَبَطَلَ مَا
كَانُواْ يَعۡمَلُونَ ﴿١١٨﴾ فَغُلِبُواْ هُنَالِكَ وَٱنقَلَبُواْ صَٰغِرِينَ ﴿١١٩﴾ وَأُلۡقِيَ
ٱلسَّحَرَةُ سَٰجِدِينَ ﴿١٢٠﴾ قَالُوٓاْ ءَامَنَّا بِرَبِّ ٱلۡعَٰلَمِينَ ﴿١٢١﴾ رَبِّ مُوسَىٰ وَهَٰرُونَ
﴿١٢٢﴾ ۞ الأعراف: ١٠٦ - ١٢٢

۞ وَقَالَ فِرۡعَوۡنُ ٱئۡتُونِي بِكُلِّ سَٰحِرٍ عَلِيمٍ ﴿٧٩﴾ فَلَمَّا جَآءَ ٱلسَّحَرَةُ قَالَ لَهُم
مُّوسَىٰٓ أَلۡقُواْ مَآ أَنتُم مُّلۡقُونَ ﴿٨٠﴾ فَلَمَّآ أَلۡقَوۡاْ قَالَ مُوسَىٰ مَا جِئۡتُم بِهِ
ٱلسِّحۡرُۖ إِنَّ ٱللَّهَ سَيُبۡطِلُهُۥٓ إِنَّ ٱللَّهَ لَا يُصۡلِحُ عَمَلَ ٱلۡمُفۡسِدِينَ ﴿٨١﴾ وَيُحِقُّ ٱللَّهُ
ٱلۡحَقَّ بِكَلِمَٰتِهِۦ وَلَوۡ كَرِهَ ٱلۡمُجۡرِمُونَ ﴿٨٢﴾ ۞ يونس: ٧٩ - ٨٢

۞ قَالُواْ يَٰمُوسَىٰٓ إِمَّآ أَن تُلۡقِيَ وَإِمَّآ أَن نَّكُونَ أَوَّلَ مَنۡ أَلۡقَىٰ ﴿٦٥﴾ قَالَ بَلۡ أَلۡقُواْۖ فَإِذَا
حِبَالُهُمۡ وَعِصِيُّهُمۡ يُخَيَّلُ إِلَيۡهِ مِن سِحۡرِهِمۡ أَنَّهَا تَسۡعَىٰ ﴿٦٦﴾ فَأَوۡجَسَ فِي
نَفۡسِهِۦ خِيفَةً مُّوسَىٰ ﴿٦٧﴾ قُلۡنَا لَا تَخَفۡ إِنَّكَ أَنتَ ٱلۡأَعۡلَىٰ ﴿٦٨﴾ وَأَلۡقِ مَا فِي يَمِينِكَ
تَلۡقَفۡ مَا صَنَعُوٓاْۖ إِنَّمَا صَنَعُواْ كَيۡدُ سَٰحِرٍۖ وَلَا يُفۡلِحُ ٱلسَّاحِرُ حَيۡثُ أَتَىٰ ﴿٦٩﴾ ۞
طه: ٦٥ — ٦٩

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

﴿قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ ١ لَآ أَعۡبُدُ مَا تَعۡبُدُونَ ٢ وَلَآ أَنتُمۡ
عَٰبِدُونَ مَآ أَعۡبُدُ ٣ وَلَآ أَنَا۠ عَابِدٞ مَّا عَبَدتُّمۡ ٤ وَلَآ أَنتُمۡ عَٰبِدُونَ مَآ
أَعۡبُدُ ٥ لَكُمۡ دِينُكُمۡ وَلِيَ دِينِ ٦﴾ الكافرون: ١ – ٦

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

﴿قُلۡ هُوَ ٱللَّهُ أَحَدٌ ١ ٱللَّهُ ٱلصَّمَدُ ٢ لَمۡ يَلِدۡ وَلَمۡ يُولَدۡ ٣ وَلَمۡ يَكُن
لَّهُۥ كُفُوًا أَحَدُۢ ٤﴾ الإخلاص: ١ – ٤

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

﴿قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ١ مِن شَرِّ مَا خَلَقَ ٢ وَمِن شَرِّ غَاسِقٍ إِذَا
وَقَبَ ٣ وَمِن شَرِّ ٱلنَّفَّٰثَٰتِ فِي ٱلۡعُقَدِ ٤ وَمِن شَرِّ حَاسِدٍ إِذَا
حَسَدَ ٥﴾ الفلق: ١ – ٥

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

﴿قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ١ مَلِكِ ٱلنَّاسِ ٢ إِلَٰهِ ٱلنَّاسِ
٣ مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ٤ ٱلَّذِي يُوَسۡوِسُ فِي صُدُورِ
ٱلنَّاسِ ٥ مِنَ ٱلۡجِنَّةِ وَٱلنَّاسِ ٦﴾ الناس: ١ – ٦

മൂന്ന് പ്രാവിശ്യം

ശറഇയായ പ്രാർത്ഥനകൾ

اللهُمَّ رَبَّ النَّاسِ أَذْهِبْ الْبَاسَ اشْفِهِ وَأَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءاً لَا يُغَادِرُ سَقَماً

മൂന്ന് പ്രാവിശ്യം

ഇത് കൂടി ചെയ്യൽ നല്ലതാണ്

بِسْمِ اللهِ يُبْرِيكَ وَمِنْ كُلِّ دَاءٍ يَشْفِيكَ وَمِنْ شَرِّ حَاسِدٍ إِذا حَسَدَ وَمِنْ شَرِّ كُلِّ ذِي عَيْنٍ

മൂന്ന് പ്രാവിശ്യം

മുമ്പ് പറഞ്ഞത് പോലെ ഇത് വീണ്ടും സിഹ്റ് ബാധിച്ച വ്യക്തിയിൽ നേരിട്ട് പാരായണം ചെയ്യുകയും ശിരസ്സിലോ നെഞ്ചിലോ ഊതുകയും ചെയ്യൽ രോഗശമനത്തിന് ഒരു കാരണമാണ് അല്ലാഹുവിന്റെ അനുമതിയാൽ."

ശൈഖ് ഇബ്നുബാസ് വീണ്ടും പറയുകയാണ്ഃ "ചികിത്സയുമായി ബന്ധപ്പെട്ട് മറ്റ് ഇലകളോ ധാന്യങ്ങളോ സൂചിയോ പോലുള്ള എന്തെങ്കിലും പ്രതിവിധികൾ ലഭ്യമാവുകയാണെങ്കിൽ അതൊന്നും കുഴപ്പമുള്ളതല്ല. എന്നാൽ അവ അല്ലാഹു ഹറാമാക്കിയ സംഗതികൾ ആകരുത്." (ഫതാവ നൂറുൻ അലദ്ദർബ്, മജ്മൂഉ ഫതാവ വാല്യം 6, 289)

ഞാൻ (ഗ്രന്ഥകാരൻ) പറയട്ടെ; ഉപകാരപ്രദമായ ചികിത്സകളിൽ പെട്ടതാണ്ഃ

1) കരിഞ്ചീരകം

അബൂഹുറൈറﷺ നിവേദനം; നബിﷺ പറഞ്ഞുഃ

فِي الْحَبَّةِ السَّوْدَاءِ شِفَاءٌ مِنْ كُلِّ دَاءٍ إِلَّا السَّامَ

''മരണമല്ലാത്ത എല്ലാ രോഗങ്ങൾക്കുമുള്ള ശമനം

കരിഞ്ചീരകത്തിലുണ്ട്"

مَا مِنْ دَاءٍ إِلَّا فِي الْحَبَّةِ السَّوْدَاءِ مِنْهُ شِفَاءٌ إِلَّا السَّامَ

"ഏതൊരു രോഗവുമില്ല, കരിഞ്ചീരകത്തിൽ അതിനുള്ള പ്രതിവിധി ഇല്ലാതെ. മരണമൊഴിച്ച്" (ബുഖാരി 5688, മുസ്‌ലിം 2215)

2) തേൻ

അല്ലാഹു പറഞ്ഞു:

﴿فِيهِ شِفَآءٌ لِّلنَّاسِ﴾ النحل: ٦٩

"അതിൽ മനുഷ്യർക്ക് രോഗശമനം ഉണ്ട്" സൂറത്തു നംല്: 69)

3) ഹിജാമ

4) തീപൊള്ളൽ ഏൽപിക്കൽ

ഇബ്നുഅബ്ബാസ്ﷺ വിൽ നിന്ന് നിവേദനം; പ്രവാചകൻﷺ പറഞ്ഞു:

الشِّفَاءُ فِي ثَلَاثَةٍ: شَرْبَةِ عَسَلٍ، وَشَرْطَةِ مِحْجَمٍ، وَكَيَّةِ نَارٍ

"മൂന്ന് കാര്യങ്ങളിൽ രോഗശമനമുണ്ട്. തേൻ കഴിക്കൽ, കൊമ്പ് വയ്ക്കൽ, തീപോള്ളൽ ഏൽപിക്കൽ" (ബുഖാരി 5680)

5) സംസം ജലം

പ്രവാചകൻﷺ പറഞ്ഞു:

مَاءُ زَمْزَمَ لِمَا شُرِبَ لَهُ

"സംസം ജലം എന്തിന് വേണ്ടിയാണോ കുടിച്ചത്, അത് അതിനുള്ളതാണ്" (അഹമദ് 'അസ്വഹീഹ്' 883, അൽ ഇർവാഅ് 1123, സാദുൽ മആദ് 4/356)

6) ഒലീവ് എണ്ണ

ഒരു സംഘം സഹാബികളിൽ നിന്നും സ്വഹിഹായി വന്ന ഹദീഥ്; പ്രവാചകൻﷺ പറഞ്ഞു:

كُلُوا الزَّيْتَ، وَادَّهِنُوا بِالزَّيْتِ؛ فَإِنَّهُ مِنْ شَجَرَةٍ مُبَارَكَةٍ

"നിങ്ങൾ ഒലീവ് ഭക്ഷിച്ചു കൊള്ളുക. അതിന്റെ എണ്ണ നിങ്ങൾ പുരട്ടുകയും ചെയ്യുക. കാരണം അത് അനുഗ്രഹീതമായ വൃക്ഷത്തിൽ

പെട്ടതാണ്." (അസ്സ്വഹീഹ് 379)

ശൈഖ് ഇബ്നുബാസ് പറയുന്നു: "ഭ്രാന്ത് പിടിച്ചവർക്കോ സിഹ്റ് ബാധിച്ചവർക്കോ മറ്റ് രോഗങ്ങൾ ബാധിതർക്കോ ഒലീവ് എണ്ണയിലോ വെള്ളത്തിലോ ആയത്തുകളും ദുആകളും പാരായണം ചെയ്യുന്നത് കൊണ്ട് കുഴപ്പമില്ല. അത് നല്ലതാണ്. എന്നാൽ മനസ്സിലാക്കേണ്ടത് ഏറ്റവും ഫലപ്രദമായത് രോഗിയിൽ നേരിട്ട് ഊതലാണ്. ഏറ്റവും നല്ലതും പൂർണ്ണമായതും അതാണ്." അദ്ദേഹം വീണ്ടും പറഞ്ഞു: "ഇപ്രകാരം തന്നെയാണ് വെള്ളത്തിൽ റുഖിയ പാരായണം ചെയ്യൽ. അതിൽ കുഴപ്പമില്ല. വെള്ളത്തിൽ പാരായണം ചെയ്യുകയും അതിൽ നിന്നും രോഗിയെ കുടിപ്പിക്കുകയും കുളിപ്പിക്കുകയും ചെയ്യൽ അനുവദനീയമാണ്." (മജ്മൂഉ ഫതാവ 9/409)

8) മദീനയിലെ ഈത്തപ്പഴത്തിൽ നിന്നും ഏഴെണ്ണം പ്രഭാതത്തിൽ കഴിക്കൽ

സഅദ്ബ്നു അബീവക്വാസ്ﷺ വിൽ നിന്നും നിവേദനം; റസൂൽﷺ പറഞ്ഞു:

مَنْ تَصَبَّحَ كُلَّ يَوْمٍ سَبْعَ تَمَرَاتٍ عَجْوَةً؛ لَمْ يَضُرَّهُ فِي ذَلِكَ الْيَوْمِ سُمٌّ وَلاَسِحْرٌ

"ആരെങ്കിലും എല്ലാ ദിവസവും ഏഴ് അജ്‌വ ഈത്തപ്പഴം കഴിച്ചാൽ ആ ദിവസം അവന് വിഷമോ മാരണമോ ഉപദ്രവിക്കുകയില്ല." (ബുഖാരി 5445, മുസ്‌ലിം 2047)

മറ്റൊരു ഹദീഥ്:

مَنْ أَكَلَ سَبْعَ تَمَرَاتٍ مِمَّا بَيْنَ لَابَتَيْهَا، أي المدينة، حِينَ يُصْبِحُ لَمْ يَضُرَّهُ سُمٌّ حَتَّى يُمْسِيَ

"മദീനയിലെ രണ്ട് അതിരുകൾക്കുള്ളിലുള്ള ഈത്തപ്പഴത്തിൽ നിന്നും ഏഴെണ്ണം പ്രഭാതമാകുന്ന വേളയിൽ ആരെങ്കിലും കഴിച്ചാൽ അന്ന് പ്രദോഷമാകുന്നത് വരെ വിഷം അവന് ഉപദ്രവമുണ്ടാക്കുകയില്ല." (മുസ്‌ലിം)

ആയിശ‍ﷺ യിൽ നിന്ന് നിവേദനം; റസൂൽﷺ പറഞ്ഞു:

إِنَّ فِي عَجْوَةِ الْعَالِيَةِ شِفَاء، أَوْ إِنَّهَا تِرْيَاقٌ، أَوَّلَ الْبُكْرَةِ

"തീർച്ചയായും മുന്തിയ അജ്‌വയിൽ രോഗശമനമുണ്ട്, അല്ലെങ്കിൽ അത് വിഷത്തിനുള്ള പ്രതിവിധിയാണ്, പ്രഭാതത്തിന്റെ ആരംഭത്തിൽ." (മുസ്‌ലിം 2048)

ഈ ഹദീഥിന്റെ ചർച്ചയിൽ ശറഹ് മുസ്‌ലിമിൽ ഇമാം നവവി പറഞ്ഞു: "ഈ ഹദീസിൽ മദീനയിലെ ഈത്തപ്പഴത്തിന്, പ്രത്യേകിച്ചും അജ്‌വക്ക് ശ്രേഷ്ഠതയുണ്ട് എന്നത് സ്പഷ്ടമാണ്. അതിൽ ഏഴെണ്ണം കഴിക്കുക എന്നതിനും ശ്രേഷ്ഠതയുണ്ട്. മദീനയിലെ ഈത്തപ്പഴത്തിന് മറ്റുള്ളതിൽ നിന്നും പ്രത്യേകത നൽകലും ഏഴെണ്ണം കൊണ്ട് പ്രത്യേകമാക്കലും പ്രവാചകൻ പഠിപ്പിച്ച അറിയപ്പെട്ട കാര്യമാണ്. അതിന്റെ യുക്തി എന്താണെന്ന് നമുക്ക് അറിയില്ല. അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. അതിൽ നമുക്കറിയാത്ത ശ്രേഷ്ഠതയും യുക്തിയുമുണ്ട്. ഇത് നമസ്ക്കാരത്തിന്റെ എണ്ണവും സക്കാത്തിന്റെ പരിധിയും പോലെയാണ്."

## ദുഃഖത്തിന്റേയും മനോവിഷമത്തിന്റേയും പ്രയാസത്തിന്റേയും ചികിത്സ

1) നബിﷺ പ്രയാസ വേളകളിൽ ഇപ്രകാരം പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുമായിരുന്നു:

لَا إِلَهَ إِلَّا اللَّهُ الْعَظِيمُ الْحَلِيمُ، لَا إِلَهَ إِلَّا اللَّهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلَهَ إِلَّا اللَّهُ رَبُّ السَّمَاوَاتِ، وَرَبُّ الْأَرْضِ، وَرَبُّ الْعَرْشِ الْكَرِيمِ

"ഹലീമും (സഹനശീലൻ) അളീമും (മഹാൻ) ആയ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. കരീമും അർശിന്റെ റബ്ബുമായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും അർശിന്റേയും റബ്ബും കരീമുമായ

(അത്യുദാരാൻ) അല്ലാഹു അല്ലാതെ മറ്റൊരു ആരാദ്യനുമില്ല.'' (ബുഖാരി 2346, മുസ്‌ലിം 2730)

2)അസ്മാഅ് ബിൻത്ഉമൈസ്ﷺ പറയുന്നുഃ "നബിﷺ എന്നോട് പറഞ്ഞുഃ

أَلَا أُعَلِّمُكِ كَلِمَاتٍ تَقُولِينَهُنَّ عِنْدَ الْكَرْبِ: اللَّهُ اللَّهُ، رَبِّي، لَا أُشْرِكُ بِهِ شَيْئاً

"പ്രയാസ വേളകളിൽ പറയുന്നതിനായി ചില വചനങ്ങൾ ഞാൻ നിനക്ക് പഠിപ്പിച്ച് തരട്ടയോ." "അല്ലാഹു, അല്ലാഹുവാണ് എന്റെ റബ്ബ്. അവനോട് ഞാൻ ഒന്നിനേയും പങ്ക് ചേർക്കുകയില്ല.''

(അബൂദാവൂദ് 1525, ഇബ്നുഹിബ്ബാൻ 764, ത്വബ്റാനി 12/12788, നസാഇ 657)

റസൂൽﷺ പറഞ്ഞുഃ

دَعْوَةُ ذِنُّونِ، إِذْ دَعَا وَهُوَ فِي بَطْنِ الْحُوتِ: {لَا إِلَهَ إِلَّا أَنْتَ، سُبْحَانَكَ، إِنِّي كُنْتُ مِنَ الظَّالِمِينَ}، فَإِنَّهُ لَمْ يَدْعُ بِهَا رَجُلٌ مُسْلِمٌ فِي شَيْءٍ قَطُّ إِلَّا اسْتَجَابَ اللهُ لَهُ

''ദുന്നൂന്റെ പ്രാർത്ഥന, അദ്ദേഹം മത്സ്യത്തിന്റെ വയറിലാലിരുന്നപ്പോൾ പ്രാർത്ഥിച്ചു''നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു." (സൂറത്തുൽ അമ്പിയാഅ് 21: 87) മുസ്‌ലിമായ ഒരു വ്യക്തിയും ഈ പ്രാർത്ഥന കൊണ്ട് തേടിയിട്ട് അതിന് ഉത്തരം കിട്ടാതെ പോവുകയില്ല."

(അഹമദ് 1/170, സ്വഹീഹ് മുസ്നദ് 379, സ്വഹീഹ് തുർമുദി 2785)

4) റസൂൽﷺ പറഞ്ഞുഃ

مَا قَالَ عَبْدٌ قَطُّ إِذَا أَصَابَهُ هَمٌّ وَحَزَنٌ:

"ഏതൊരു മനുഷ്യനും മനോവിഷമമോ ദുഃഖമോ ഉണ്ടാകുമ്പോൾ

അവൻ ഇപ്രകാരം പറയുകയില്ല.

اللَّهُمَّ إِنِّي عَبْدُكَ وَابْنُ عَبْدِكَ وَابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ، سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوْ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجلَاءَ حُزْنِي، وَذَهَابَ هَمِّي

"അല്ലാഹുവേ, ഞാൻ നിന്റെ ദാസനും നിന്റെ ദാസന്റെ പുത്രനും നിന്റെ ദാസിയുടെ മകനുമാണ്. എന്റെ മൂർദ്ദാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പിലാകുന്നു. നിന്റെ വിധി എന്നിൽ നീതിയായി തീരുന്നു. നീ നിനക്ക് നിശ്ചയിച്ചതും നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും നീ പഠിപ്പിച്ചതും നിന്റെ പക്കലുള്ള അദൃശ്യ ജ്ഞാനത്തിൽ നീ സ്വന്തമാക്കി വച്ചതുമായ നിനക്കുള്ള മുഴുവൻ നാമങ്ങളും കൊണ്ട് ഞാൻ ചോദിക്കുന്നു; ഖുർആനിനെ എന്റെ ഹൃദയത്തിന് വസന്തവും എന്റെ നെഞ്ചിന് പ്രകാശവും എന്റെ ദുഃഖത്തിന് പരിഹാരവും എന്റെ വിഷാദത്തെ നീക്കി തരുന്നതും ആക്കേണമേ." (അഹമദ് 4091, അസ്സ്വഹീഹ് 199)

إِلَّا أَذْهَبَ اللهُ عَزَّ وَجَلَّ هَمَّهُ، وَأَبْدَلَهُ مَكَانَ حُزْنِهِ فَرَحاً

"അല്ലാഹു അവന്റെ വ്യസനം നീക്കി ആ സ്ഥാനത്ത് സന്തോഷം കൊടുത്തിട്ടല്ലാതെ"

സഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ... അങ്ങ് പറഞ്ഞ ഈ വചനങ്ങൾ മനപാഠമാക്കൽ നമുക്ക് വേണ്ടതാണോ?"

അവിടുന്ന് ﷺ പറഞ്ഞു:

أَجَلْ، يَنْبَغِي لِمَنْ سَمِعَهُنَّ أَنْ يَتَعَلَّمَهُنَّ

"അതേ, ആരാണോ ഇത് കേട്ടത് അവർക്ക് ഇത് പഠിക്കൽ ബാധ്യതയാണ്." (ബുഖാരി, 6369, മുസ്ലിം 2706)

5) കടത്തിൽ നിന്നും മോചിതനാകാനുള്ള ദുആ

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْهَمِّ وَالْحَزَنِ، وَالْعَجْزِ وَالْكَسَلِ، وَالْبُخْلِ وَالْجُبْنِ، وَضِلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ

"അല്ലാഹുവേ, ദുഃഖം, വിഷാദം എന്നിവയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു, ദുർബലത, അലസത എന്നിവയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു, പിശുക്ക്, ഭീരുത്വം, എന്നിവയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. കടഭാരം, മറ്റുള്ളവരുടെ മേൽക്കോയ്മ എന്നിവയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു."

ശൈഖ് അല്ലാമ സ്വാലിഹ് അൽഉസൈമീൻ പറയുന്നു: "മാനസീകമായ രോഗങ്ങൾക്ക് ഭൗതീകമായ മരുന്നുകൾ കൊണ്ട് ചികിത്സിക്കുമ്പോൾ ചികിത്സകർക്ക് ഒരു പരിഹാരം കണ്ടെത്താൻ കഴിയാത്ത വിധം പ്രയാസമനുഭവപ്പെടും. എന്നാൽ അവയ്ക്ക് റുഖ്യ കൊണ്ട് ചികിത്സ ഫലപ്രദവും രോഗശമനം ലഭിക്കുന്നതുമാണ്. അപ്രകാരം തന്നെയാണ് ബുദ്ധിപരമായ തകരാറുകളും. ഇവയ്ക്ക് ശറഇയായ മരുന്നുകൾ പ്രയോജനകരമാണ്. പലപ്പോഴും അത്തരം രോഗങ്ങളിൽ ഭൗതീകമായ മരുന്നുകൾ ഫലപ്പെടാറില്ല." (ഇർശാദാത്ത് ലിത്വബീബിൽ മുസ്ലിം ഭാഗം 4)

## സംശയങ്ങൾക്കും വസ്‌വാസിനുമുള്ള ചികിത്സ

അല്ലാഹു പറയുന്നുഃ

﴿وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٦﴾﴾ فصلت: ٣٦

''പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്ന പക്ഷം അല്ലാഹുവോട് നീ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ തന്നെയാകുന്നു അസ്സമീഉ അലീം(എല്ലാം കേൾക്കുന്നവനും അറിയുന്നവനും.)" (സൂറത്തുൽ ഫുസ്സിലത്ത്ഃ 36)

റസൂൽﷺ പറഞ്ഞുഃ

يَأْتِي الشَّيْطَانُ أَحَدَكُمْ فَيَقُولُ: مَنْ خَلَقَ كَذَا وَكَذَا؟ حَتَّى يَقُولُ: لَهُ مَنْ خَلَقَ رَبَّكَ؟ فَإِذَا بَلَغَ ذَلِكَ فَلْيَسْتَعِذْ بِاللهِ وَلْيَنْتَهِ

"നിങ്ങളിൽ ഒരാളുടെ അടുത്ത് ശൈത്വാൻ വന്നിട്ട് ചോദിക്കും, ഇന്നതാരാ സൃഷ്ടിച്ചത്? ഇന്നതാരാ സൃഷ്ടിച്ചത് എന്ന് ചോദിച്ചുകൊണ്ടേയിരിക്കും. അവസാനം നിന്റെ റബ്ബിനെ ആരാ സൃഷ്ടിച്ചത് എന്ന് ചോദിക്കുന്നത് വരെ, അവിടെ എത്തിക്കഴിഞ്ഞാൽ അല്ലാഹുവിനോട് കാവലിനെ ചോദിക്കുകയും അതിൽ നിന്നും വിരമിക്കുകയും ചെയ്തുകൊള്ളട്ടെ." (ബുഖാരി 3276, മുസ്‌ലിം 134)

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണ് ഉള്ളത്;

فَلْيَقُلْ: آمَنْتُ بِاللَّهِ وَرُسُلِهِ

"അപ്പോൾ അവൻ പറയട്ടെഃ 'ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചിരിക്കുന്നു', എന്ന്." (മുസ്‌ലിം)

മറ്റൊരു നിവേദനം ഇപ്രകാരമാണ്

فَقُوْلُوا: اللَّهُ أَحَدٌ، اللَّهُ الصَّمَدُ،لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ. ثُمَّ لِيَتْفُلْ عَنْ يَسَارِهِ ثَلَاثاً، وَلْيَسْتَعِذْ مِنْ الشَّيْطَانِ

“അപ്പോൾ അവൻ പറയട്ടെഃ ‘അല്ലാഹു ഏകനാണ് അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും’ ശേഷം തന്റെ ഇടതുഭാഗത്തേക്ക് മൂന്ന്‌വട്ടം തുപ്പുകയും പിശാചിൽ നിന്നും അല്ലാഹുവിനോട് അഭയം തേടുകയും ചെയ്തു കൊള്ളട്ടെ.” (അബൂദാവൂദ് 4722, മുസ്‌ലിം 135)

ശൈഖ് അൽബാനി പറഞ്ഞുഃ “അല്ലാഹുവിനെ ആരാണ് സൃഷ്ടിച്ചത് പോലുള്ള ചോദ്യങ്ങൾ മനസ്സിലേക്ക് ഇട്ടുകൊണ്ട് ആരെങ്കിലും വസ്‌വാസിന് വിധേയമായി കഴിഞ്ഞാൽ അവന്റെ കുതർക്കത്തിൽ നിന്നും വിരമിച്ചുകൊണ്ട് പല ഹദീഥിൽ പറയപ്പെട്ട കാര്യങ്ങൾ കൊണ്ട് (‘ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചിരിക്കുന്നു’, ‘അല്ലാഹു ഏകനാണ് അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും’) അതിന് മറുപടി നൽകുന്നതിലേക്ക് തിരിയൽ അവന്റെ മേൽ നിർബന്ധമാണ്. ശേഷം പിശാചിനെ അകറ്റാനും നിന്ദിക്കാനും വേണ്ടി അവന്റെ ഇടത് വശത്തേക്ക് മൂന്ന് പ്രാവിശ്യം അവൻ തുപ്പുകയും അല്ലാഹുവിനോട് അഭയം ചോദിക്കുകയും ചെയ്യട്ടെ. പിന്നീട് ആ വസ്‌വാസിനോടൊപ്പം ഗമിക്കുന്നത് അവൻ നിർത്തുകയും ചെയ്യട്ടെ. അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ച് കൊണ്ട് ആത്മാർത്ഥമായി ആരാണോ ഇതിൽ നിന്നും വിട്ട് നിൽക്കുന്നത് അവനിൽ നിന്നും ആ വസ്‌വാസ് ഒഴിഞ്ഞുപോകുന്നതാണ്. “അവനങ്ങനെ ചെയ്താൽ പിശാച് അവനിൽ നിന്നും അകലും” എന്ന് പ്രവാചകൻ പറഞ്ഞതിനൽ അവന്റെ പിശാച് പരാജിതനാകുന്നതാണ്.” (അസ്വഹീഹ അൽബാനി 118)

4) ഉസ്മാനുബിനു അബിൽആസ്ؓ വിൽ നിന്നും നിവേദനം;

ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ നമസ്ക്കാരത്തിൽ എനിക്കും എന്റെ നമസ്ക്കാരത്തിനും ഖുർആൻ പാരായണത്തിനുമിടക്ക് പിശാച് തടസ്സമുണ്ടാക്കുന്നു. പാരായണത്തിലും നമസ്ക്കാരത്തിലും ആശയക്കുഴപ്പം ഉണ്ടാക്കുന്നു." അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

ذَاكَ شَيْطَانٌ يُقَالُ لَهُ: خَنْزَبٌ ، فَإِذَا أَحْسَسْتَهُ فَتَعَوَّذْ بِاللَّهِ مِنْهُ، وَاتْفُلْ عَلَى يَسَارِكَ ثَلَاثًا

"അത് ഹിൻസബ് എന്ന പിശാചാണ്. ഇനി അങ്ങനെ ഉണ്ടായാൽ നീ അല്ലാഹുവിനോട് അവനിൽ നിന്നും കാവലിനെ തേടുകയും ഇടത് ഭാഗത്തേക്ക് മൂന്ന് പ്രാവിശ്യം ഈൗർപ്പമില്ലാതെ തുപ്പുകയും ചെയ്യണം."

"ഞാൻ അപ്രകാരം ചെയ്യുകയും അല്ലാഹു ആ പിശാചിനെ എന്നിൽ നിന്നും ഒഴിവാക്കി തരികയും ചെയ്തു." (മുസ്‌ലിം 2203)

## ചില ഉപദേശങ്ങളും മാർഗനിർദേശങ്ങളും

1) തൗഹീദിന്റെ കാതലായ വശം യാഥാർത്ഥ്യമാക്കുന്നതിനും ഖുർആനും സുന്നത്തും മുറുകെപ്പിടിക്കുന്നതിനും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനും തക്വ്‌വ ഒഴിച്ച്നിർത്താത്ത വിധം ജീവിതത്തോട് ചേർത്ത് പിടിക്കുന്നതിനും അല്ലാഹുവിന്റെ നിയമങ്ങൾക്ക് മേൽ അടിയുറച്ച് നിലകൊള്ളുന്നതിനും ആത്മാർത്ഥമായി അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിനും അല്ലാഹുവിലേക്ക് ജീവിതം കൊണ്ടും മനസ്സുകൊണ്ടും മടങ്ങിപോകുന്നതിനും ജമാഅത്ത് നമസ്ക്കാരം നഷ്ടപ്പെടാതെ കാത്ത് സൂക്ഷിക്കുന്നതിനും ദാനദർമ്മങ്ങളും സത്കർമ്മങ്ങളും അനുഷ്ടിക്കുന്നതിനും ചിത്രങ്ങളിൽ നിന്നും രൂപങ്ങളിൽ നിന്നും സംഗീതോപകരണങ്ങൾ ഗാനങ്ങൾ പോലുള്ള മറ്റ് തിന്മകളിൽ നിന്നും സ്വന്തം ഭവനങ്ങളെ ശുദ്ധീകരിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നതിനും മനസ്സ് വയ്ക്കൽ എല്ലാ സത്യവിശ്വാസികൾക്കും അനിവാര്യമാണ്.

തന്റെ മജ്മൂഉ ഫതാവയിൽ (21/176, 9/429) ശൈഖ് ഇബ്നുബാസ് പറഞ്ഞു: ''സംഗീതം കൊണ്ടുള്ള ചികിത്സ ഇപ്പോൾ പ്രചാരത്തിലുണ്ട്. അതിന് യാതൊരു അടിസ്ഥാനവുമില്ല. അത് വിഡ്ഢികളുടെ പ്രവർത്തനമാണ്. യഥാർത്ഥത്തിൽ സംഗീതം ഒരു രോഗശമന ഉപാധി അല്ല. അതു തന്നെ ഒരു രോഗമാണ്. അതൊരു വിനോദ ഉപകരണമാണ്. അതെല്ലാം ഹൃദയ രോഗങ്ങളാണ്. അത് ധാർമിക വ്യതിചലനത്തിനുള്ള കാരണമാണ്. യഥാർത്ഥത്തിൽ പ്രയോജനപ്രദമായ ചികിത്സയും മനസ്സുകൾക്ക് ആശ്വാസം പകരുന്നതും രോഗികൾക്ക് ക്വുർആൻ കേൾപ്പിച്ച് കൊടുക്കലും അതു പോലെ പ്രയോജനകരമായ ഉപദേശങ്ങൾ കേൾപ്പിച്ച് കൊടുക്കലും പ്രവാചകന്റെ ഹദീഥ് കേൾപ്പിച്ചു കൊടുക്കലുമാണ്. സംഗീതം പോലുള്ള വിനോദങ്ങള കൊണ്ടുള്ള ചികിത്സ അനുവദനീയമല്ലാത്ത കാര്യങ്ങളിൽ ദുശ്ശീലമുണ്ടാക്കലും രോഗത്തിനു മേൽ രോഗമുണ്ടാക്കലുമാണ്. കൂടാതെ പരിശുദ്ധ ഖുർആനും ഹദീഥും ഉപദേശങ്ങളും പോലുള്ള കാര്യങ്ങൾ അരോജകമായി തീരുകയും ചെയ്യും. ലാ ഹൗല വലാ ഖൂവ്വത്ത ഇല്ലാ ബില്ലാഹ്.

2) സാഹിറന്മാരേയും ജ്യോത്സ്യന്മാരേയും തട്ടിപ്പുകാരേയും സമീപിക്കുന്നതിനേയും അവരോട് ചോദിക്കുന്നതിനേയും അവർ പറയുന്നതിനെ സത്യപ്പെടുത്തുന്നതിനേയും സംബന്ധിച്ച് വളരെ ഗൗവരകരമായ ജാഗ്രത പുലർത്തണം. റസൂൽ പറഞ്ഞു:

مَنْ أَتَى عَرَّافاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلَاةٌ أَرْبَعِينَ لَيْلَةً

"ആരെങ്കിലും ഭാഗ്യം പ്രവചിക്കുന്ന ഒരാളെ സമീപിക്കുകയും അയാളോട് എന്തെങ്കിലും കാര്യത്തെ സംബന്ധിച്ച് ചോദിക്കുകയും ചെയ്താൽ നാൽപത് ദിവസത്തെ അവന്റെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല" (മുസ്‌ലിം 2230)

അബൂഹുറൈറ ﵁ വിൽ നിന്ന് നിവേദനം; റസൂൽ ﷺ പറഞ്ഞു:

مَنْ أَتَى كَاهِناً أَوْ عَرَّافاً فَصَدَّقَهُ بِمَا يَقُولُ؛ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ

"ആരെങ്കിലും ഭാഗ്യം പ്രവചിക്കുന്ന ഒരാളെ സമീപിക്കുകയും അവൻ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ, തീർച്ചയായും അവൻ മുഹമ്മദിന് അല്ലാഹു ഇറക്കിയതിൽ അവിശ്വസിച്ചിരിക്കുന്നു." (അഹമദ് 2/408, 429, 476)

3) തൗഹീദിനെ യാഥാർത്ഥ്യമാക്കിത്തീർക്കൽ എല്ലാ മുസ്‌ലീംകൾക്കും ബാധ്യത ആയതുപോലെ ദിക്റുകൾ കൊണ്ടും പ്രവാചക പ്രാർത്ഥനകൾ കൊണ്ടും തന്റെ മനസ്സിനെ ഭദ്രമാക്കിത്തീർക്കലും ബാധ്യതയാണ്.

ശൈഖ് ഇബ്നുബാസ് പറഞ്ഞു: ''ഈ ദിക്റുകളും അഭയത്തേട്ടത്തിന്റെ ആയത്തുകളും സിഹ്റിന്റെ തിന്മകളിൽ നിന്നും മറ്റ് തിന്മകളിൽ നിന്നും കാത്തുസൂക്ഷിക്കുന്നതിൽ ഏറ്റവും മഹത്തായ കാരണങ്ങളിൽ പെട്ടതാണ്. സത്യസന്ധതയോടെയും വിശ്വാസത്തോടെയും ഇവ ജീവിതത്തിൽ കാത്തുസൂക്ഷിക്കുന്നവർക്കും അല്ലാഹുവിൽ അടിയുറച്ച വിശ്വാസത്തോടെയും ഹൃദയ വിശാലതയോടെ അവനിൽ

അവലംബിച്ച് കൊണ്ടും ഈ ദുആ പറയുന്നവർക്ക് തെളിവുകൾ വെളിപ്പെടുത്തി തരുന്നത് ഇതാണ്.

ഈ പ്രാർത്ഥനകളും ദിക്റുകളും സിഹ്റ് ബാധിച്ചതിന് ശേഷം അതിനെ നീക്കം ചെയ്യുന്നതിന് ഏറ്റവും മഹത്തായ ഒരു ആയുധം കൂടിയാണ്. വിപത്തുകൾ നീക്കുവാനും ഉപദ്രവം മാറ്റുവാനും അല്ലാഹുവിനോട് യാജിക്കുന്നതിനോടൊപ്പം അല്ലാഹുവിലേക്കുള്ള വിനയവും താഴ്മപ്പെടലും വർദ്ദിപ്പിക്കുകയും ചെയ്യേണ്ടതാണ്." (മജ്മൂഉ ഫതാവ)

ഞാൻ (ഗ്രന്ഥകാരൻ) പറയട്ടെഃ പ്രഭാതത്തിലും സായാഹ്നത്തിലും പെട്ട ദിക്റുകളി പെട്ടതാണ്ഃ

اللَّهُمَّ بِكَ أَصْبَحْنَا، وَبِكَ أَمْسَيْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ النُّشُورُ

"അല്ലാഹുവേ നിന്നെക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചു. നിന്നെക്കൊണ്ട് ഞങ്ങൾ സായാഹ്നത്തിലും പ്രവേശിച്ചു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്റെ അടുത്തേക്കാണ് മരണശേഷമുള്ള ഞങ്ങളുടെ ഉയർത്തെഴുന്നേൽപ്പും."

സായാഹ്നമായാൽ പറയുകഃ

اللَّهُمَّ بِكَ أَمْسَيْنَا، وَبِكَ أَصْبَحْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ المَصِيْرُ

"അല്ലാഹുവേ നിന്നെക്കൊണ്ട് ഞങ്ങൾ സായാഹ്നത്തിൽ പ്രവേശിച്ചു. നിന്നെക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിലും പ്രവേശിച്ചു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്റെ അടുത്തേക്കാണ് ഞങ്ങളുടെ മടക്കം."(അബൂദാവൂദ് 5068, മുസ്നദ് 1401, അദബുൽ മുഫ്റദ് 1199, നസാഇ അമലുൽ യൗമി വൽലയ്ൽ 564, സ്വഹീഹ് അദബുൽ മുഫ്റദ് 915)

أَمْسَيْنَا وَأَمْسَى الْمُلْكُ لِلَّهِ، وَالْحَمْدُ لِلَّهِ لاَ إِلَهَ إِلاَّ اللَّهُ، وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، رَبِّ أَسْأَلُكَ خَيْرَ مَا فِي هَذِهِ اللَّيْلَةِ، وَخَيْرَ مَا بَعْدَهَا، وَأَعُوذُ بِكَ مِنْ شَرِّ مَا فِي هَذِهِ اللَّيْلَةِ، وَشَرِّ مَا بَعْدَهُ، رَبِّ أَعُوذُ بِكَ مِنَ الْكَسَلِ، (والهَرَمِ)، وَسُوءِ الْكِبَرِ، (وفِتْنَةِ الدُّنْيَا)، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَّارِ، وَعَذَابٍ فِي الْقَبْرِ

“ഞങ്ങൾ സായാഹ്നത്തിലേക്ക് പ്രവേശിച്ചു, സായാഹ്നത്തിൻെ ആധിപത്യം അല്ലാഹുവിനാകുന്നു. അല്ലാഹുവിന് തന്നെയാണ് എല്ലാ സ്തുതിയും നന്ദിയും. യഥാർത്ഥത്തിൽ അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് പരമാധികാരം. അവൻ സർവ്വകാര്യത്തിനും കഴിവുമുള്ള വനാണ്! റബ്ബേ! ഈ രാത്രിയിലെ നന്മകൾ നിന്നോട് ഞാൻ ചോദിക്കുന്നു. ഇതിന് ശേഷമുള്ളതിലെ നന്മകളും നിന്നോട് ഞാൻ ചോദിക്കുന്നു. ഈ രാത്രിയിലെ തിന്മകളിൽ നിന്നും ഇതിന് ശേഷമുള്ളതിലെ തിന്മകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. റബ്ബേ! അലസതയിൽനിന്നും, വാർദ്ധക്യത്തിലെ വിഷമതകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. റബ്ബേ! നരക ശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.”

സാഹാഹ്നമാകുമ്പോൾ ഇത് വീണ്ടും പറയുക

أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلَّهِ.....

‘‘ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചു, പ്രഭാതത്തിന്റെ ആധിപത്യം അല്ലാഹുവിനാകുന്നു.....”

എന്ന പദപ്രയോഗത്തിൽ (മുസ്‌ലിം 2723)

اللَّهُمَّ أَنْتَ رَبِّي لَا إِلَهَ إِلَّا أَنْتَ، خَلَقْتَنِي وَأَنَا عَبْدُكَ، وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَااسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ بِذَنْبِي فَاغْفِرْلِي، فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ

"അല്ലാഹുവേ! നീയാണ് എന്റെ റബ്ബ്, നീ അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, നീ എന്നെ സൃഷ്ടിച്ചു, ഞാൻ നിന്റെ അടിമയാണ്. നിന്നോടുള്ള കരാറും കടപ്പാടും എനിക്ക് കഴിയുന്നത്ര ഞാൻ പാലിക്കുന്നു. ഞാൻ പ്രവർത്തിദോഷത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങൾ നിന്നോട് ഞാൻ സമ്മതിക്കുന്നു. ഞാൻ ചെയ്തുപോയ പാപങ്ങളും നിന്നോട് ഞാൻ സമ്മതിക്കുന്നു, അതിനാൽ നീ എനിക്ക് പൊറുത്ത് തരേണമേ; നിശ്ചയം, നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല." (ബുഖാരി 6306)

ശിദാദ് ബ്നുഔസ്﵁ വിൽ നിന്നും നിവേദനം നബിﷺ പറഞ്ഞുഃ

مَنْ قَالَهَا مِنَ النَّهَارِ مُوقِناً بِهَا، فَمَاتَ مِنْ يَوْمِهِ قَبْلَ أَنْ يُمْسِيَ، فَهُوَ مِنْ أَهْلِ الْجَنَّةِ، وَمَنْ قَالَهَا مِنَ اللَّيْلِ وَهُوَ مُوقِنٌ بِهَا، فَمَاتَ قَبْلَ أَنْ يُصْبِحَ، فَهُوَ مِنْ أَهْلِ الْجَنَّةِ

"ആരെങ്കിലും ഒരു ദിവസത്തെ പകലിൽ ദൃഢ വിശ്വാസത്തോടെ ഇത് പറയുകയും ആ ദിവസം വൈകുന്നേരത്തിന് മുമ്പ് മരിച്ചാൽ അയാൾ സ്വർഗാവകാശിയായിരിക്കും; ആരെങ്കിലും ദൃഢ വിശ്വാസത്തോടെ ഇത് വൈകുന്നേരം പറയുകയും പിറ്റേന്ന് പ്രഭാതത്തിന് മുമ്പ് അയാൾ മരിച്ചാൽ അയാളും സ്വർഗാവകാശിയായിരിക്കും!" (സ്വഹീഹ് ബുഖാരിഃ 6306)

اللَّهُمَّ فَاطِرَ السَّموَاتِ والأَرْضِ، عَالِمَ الغَيْبِ والشَّهَادَةِ، رَبَّ كُلِّ شَيءٍ وَمَلِيْكَهُ، أَشْهَدُ أَنْ لَا إِلَهَ إِلاَّ أَنْتَ، أَعُوذُ بِكَ مِنْ شَرِّ نَفْسِي، وَشَرِّ الشَّيْطَانِ وَشِرْكِهِ

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനും, ദൃശ്യവും അദൃശ്യവും അറിയുന്നവനുമായ അല്ലാഹുവേ! നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. സർവ്വ വസ്തുക്കളുടെയും റബ്ബും ഉടമയുമായവനേ. എന്റെ സ്വന്തം ശരീരത്തിന്റെ തിന്മയിൽ നിന്നും, പിശാചിന്റെയും അവന്റെ ശിർക്കിന്റെയും തിന്മയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു." (അബൂദാവൂദ് 5067, തിർമുദി 3392, സ്വഹീഹ് മുസ്നദ് 1333)

ഇമാം നവവി തന്റെ അൽ അദ്കാറിൽ ഈ ദുആയിൽ പിശാചിന്റെ ശിർക്ക് എന്നതിനെ സംബന്ധിച്ച് പറയുന്നു: "പിശാച് ക്ഷണിക്കുകയും ശിർക്കിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്ന മാർഗങ്ങളാണിത്.'' മറ്റൊരു നിവേദനത്തിൽ 'വശറക്കിഹി' എന്നാണുള്ളത്. അത് പ്രകാരം പിശാചിന്റെ വലയിൽ എന്നാണ് അർത്ഥം

മൂന്ന് പ്രാവിശ്യം

بِسْمِ اللَّهِ الَّذِي لَا يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلَا فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ

''അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ആകാശത്തിലോ ഭൂമിയിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ സമീഉം അലീമുമാണ് (എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്)'' (അബൂദാവൂദ് 5088, സ്വഹീഹ് മുസ്നദ് 910, ഹദീസ് ഹസൻ)

لَمْ يَضُرُّهُ شَيْءٌ فِي ذَلِكَ الْيَوْمِ، أَوْ فِي تِلْكَ اللَّيْلَةِ

"ആരെങ്കിലും ഇത് ചൊല്ലിയാൽ ആ ദിവസത്തിൽ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല. അല്ലെങ്കിൽ ആ രാത്രിയിൽ."

(തിർമുദി 3388)

اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالآخِرَةِ، اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ وَأَهْلِي، اللَّهُمَّ اسْتُرْ عَوْرَاتِي، وَآمِنْ رَوْعَاتِي، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ، وَمِنْ خَلْفِي، وَعَنْ يَمِينِي وَعَنْ شِمالِي وَمِنْ فَوْقِي، وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي

അല്ലാഹുവേ, നിശ്ചയം ഇഹത്തിലും പരത്തിലും ശാരീരിക സുഖം നിന്നോട് ഞാൻ ചോദിക്കുന്നു. എന്റെ ദീനിലും ഇഹലോകത്തിലും എന്റെ കുടുംബത്തിലും എന്റെ ധനത്തിലും മാപ്പും ശരീരിക സുഖവും അല്ലാഹുവേ നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ എന്റെ നൂനതകൾ നീ മറക്കേണമേ എനിക്ക് നിർഭയത്വം നൽകേണമേ എന്റെ മുന്നിൽ നിന്നും പിന്നിൽ നിന്നും ഇടതു നിന്നും വലതു നിന്നും എന്നെ നീ സംരക്ഷിക്കേണമേ. നിന്റെ മാഹാത്മ്യം കൊണ്ട് എന്റെ താഴ്ഭാഗത്തു നിന്നും ഞാൻ അറിയാത്ത നിലയിൽ പിടിക്കപ്പെടുന്നതിൽ നിന്നും നിന്റെ മാഹാത്മ്യം കൊണ്ട് ഞാൻ നിന്നോട് അഭയം തേടുന്നു.” (അബൂദാവൂദ് 5074, സ്വഹീഹ് മുസ്നദ് 765, സ്വഹീഹ് ഇബ്നുമാജ 3121)

നൂറ് പ്രാവിശ്യം:

لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

‘‘അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണ്. അവനാണ് രാജാധിപത്യം. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.” (ബുഖാരി 6403, മുസ്ലിം 2691)

كَانَتْ لَهُ عَدْلَ عَشْرِ رِقَابٍ، وَكُتِبَ لَهُ مِأَةُ حَسَنَةٍ، وَمُحِيَتْ عَنْهُ مِأَةُ سَيِّئَةٍ، وَكَانَتْ لَهُ حِرْزاً مِنَ الشَّيْطَانِ يَوْمَهُ ذَلِكَ حَتَّى يُمْسِيَ، وَلَمْ يَأْتِ أَحَدٌ بِأَفْضَلَ مِمَّا جَاءَ، إِلَّا رَجُلٌ عَمِلَ أَكْثَرَ مِنْهُ

''ഇത് ഒരാൾ പറയുകയാണെങ്കിൽ പത്ത് അടിമകളെ മോചിപ്പിച്ചതിന് സമാനമാണ്. നൂറ് നന്മകൾ അവന്റെ പേരിൽ എഴുതപ്പെടുകയും നൂറ് തിന്മകൾ അവനിൽ നിന്ന് മായ്ക്കപ്പെടുകയും ചെയ്യും. അന്ന് സായാഹ്നം വരെ പിശാചിൽ നിന്നും അവന് സംരക്ഷണമായിരിക്കും. അവൻ കൊണ്ടുവരുന്നതിനെക്കാൾ ഉത്തമമായത് മറ്റാരും കൊണ്ട് വരികയില്ല. അതിനെക്കാൾ വർദ്ദിപ്പിച്ചവനല്ലാതെ.''

നൂറ് പ്രാവിശ്യംഃ

سُبْحَانَ اللهِ، وَبِحَمْدِهِ

"അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം" (മുസ്ലിം 2691, ബുഖാരി 3293)

ഇത് ഒരാൾ പ്രഭാതത്തിലും സായാഹ്നത്തിലും പറഞ്ഞാൽ

لَمْ يَأْتِ أَحَدٌ يَوْمَ الْقِيَامَةِ بِأَفْضَلَ مِمَّا جَاءَ بِهِ، إِلَّا أَحَدٌ قَالَ مِثْلَ مَا قَالَ، أَوْ زَادَ عَلَيْهِ

അവൻ കൊണ്ടുവരുന്നതിനെക്കാൾ ഉത്തമമായത് മറ്റാരും കൊണ്ട് വരികയില്ല. അതിനെക്കാൾ വർദ്ദിപ്പിച്ചവനല്ലാതെ. ബുഖാരിയിലും മുസ്ലിമിലും കാണാംഃ ഒരു ദിവസം ഇത് നൂറ് പ്രാവിശ്യം പറഞ്ഞാൽ അവന്റെ പാപങ്ങൾ സമുദ്രത്തിൽ നുരകളോളം സമാനമാണെങ്കിലും അവ മായ്ക്കപ്പെടും.''

(ബുഖാരി 3293)

أَصْبَحْنَا عَلَى فِطْرَةِ الْإِسْلَامِ، وَعَلَى كَلِمَةِ الْإِخْلَاصِ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، وَعَلَى مِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا، وَمَا كَانَ مِنَ الْمُشْرِكِينَ

''ഇസ്‌ലാമിന്റെ ശുദ്ധ പ്രകൃതിയിലും ഇഹ്‌ലാസിന്റെ വചനത്തിലും (ശഹാദത്ത് കലിമ) നമ്മുടെ നബി മുഹമ്മദ്ﷺയുടെ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ മാർഗത്തിലുമായി ഞങ്ങൾ പ്രഭാതത്തിൽ (വൈകുന്നേരമാകുമ്പോൾ പറയുക; പ്രദോക്ഷത്തിൽ) പ്രവേശിച്ചിരിക്കുന്നു. അദ്ദേഹം (ഇബ്രാഹീം നബി) നേർമാർഗം ഉൾക്കൊണ്ട ഒരു മുസ്‌ലിമായിരുന്നു. അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നവനുമായിരുന്നില്ല.''

(അഹമദ് 14821, അസ്സ്വഹീഹ് 2989)

സായാഹ്നത്തിൽ മൂന്ന് പ്രാവശ്യം:

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

''അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്നും ഞാൻ അഭയം തേടുന്നു.''

(മുസ്‌ലിം 2709, മാലിക് 1778, അഹമദ് 2/290, 374, അദൂദാവൂദ് 3899, സ്വഹീഹ് ഇബ്നുമാജ 2836)

لَمْ تَضُرَّهُ حُمَتٌ تِلْكَ اللَّيْلَةَ

ഇപ്രകാരം പറയുകയാണെങ്കിൽ ആ ദിവസം രാത്രി അവനെ തേളോ മറ്റ് വിഷജന്തുക്കളോ ഉപദ്രവിക്കുകയില്ല.

രാത്രി ആയാൽ സൂറത്തുൽ ബക്വറയിൽ നിന്നും അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്യുക.

﴿ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ
وَمَلَـٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦۚ
وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ٢٨٥ لَا يُكَلِّفُ ٱللَّهُ
نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا كَسَبَتۡ وَعَلَيۡهَا مَا ٱكۡتَسَبَتۡۗ رَبَّنَا لَا تُؤَاخِذۡنَآ
إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ رَبَّنَا وَلَا تَحۡمِلۡ عَلَيۡنَآ إِصۡرٗا كَمَا حَمَلۡتَهُۥ
عَلَى ٱلَّذِينَ مِن قَبۡلِنَاۚ رَبَّنَا وَلَا تُحَمِّلۡنَا مَا لَا طَاقَةَ لَنَا بِهِۦۖ وَٱعۡفُ
عَنَّا وَٱغۡفِرۡ لَنَا وَٱرۡحَمۡنَآۚ أَنتَ مَوۡلَىٰنَا فَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ
٢٨٦﴾ البقرة: ٢٨٥ – ٢٨٦

അബൂമസ്ഊദുൽ അൻസാരി ﵁ വിൽനിന്ന് നിവേദനം; റസൂൽ ﷺ പറഞ്ഞു:

مَنْ قَرَأَ هَاتَيْنِ الآيَتَيْنِ مِنْ آخِرِ سُورَةِ الْبَقَرَةِ فِي لَيْلَةٍ كَفَتَاهُ

"സൂറത്തുൽ ബക്വറയിൽ നിന്നും അവസാന രണ്ട് ആയതുകൾ ആരെങ്കിലും ഒരു രാത്രി പാരായണം ചെയ്താൽ അതു രണ്ടും അവന് മതിയായതാണ്."(ബുഖാരി 5009, മുസ്‌ലിം 808)

ശൈഖ് ഇബ്നുബാസ് പറഞ്ഞു: "എല്ലാ തിന്മകളിൽ നിന്നും അവന് അത് മതിയായതാണ്."

സൂറത്തുൽ ഇഖ്ലാസും മുഅവ്വിദതയ്നിയും പാരായണം ചെയ്യുക. (അഹമദ് 4/148, 158)

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

﴿قُلْ هُوَ ٱللَّهُ أَحَدٌ ۝١ ٱللَّهُ ٱلصَّمَدُ ۝٢ لَمْ يَلِدْ وَلَمْ يُولَدْ ۝٣ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ۝٤﴾ الإخلاص: ١ - ٤

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

﴿قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ۝١ مِن شَرِّ مَا خَلَقَ ۝٢ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ۝٣ وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ۝٤ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ۝٥﴾ الفلق: ١ - ٥

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

﴿قُلْ أَعُوذُ بِرَبِّ ٱلنَّاسِ ۝١ مَلِكِ ٱلنَّاسِ ۝٢ إِلَٰهِ ٱلنَّاسِ ۝٣ مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ۝٤ ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ۝٥ مِنَ ٱلْجِنَّةِ وَٱلنَّاسِ ۝٦﴾ الناس: ١ - ٦

**ഉക്ബത്ത് ബ്നുആമിർﷺ നിവേദനം; റസൂൽﷺ പറഞ്ഞു:**

## لا يأتين عليك ليلة إلا قرأتهن

**“ഇവ പാരായണം ചെയ്തിട്ടല്ലാതെ നിന്റെ മേൽ ഒരു രാത്രിയും കടന്നു പോകാൻ പാടുള്ളതല്ല.”**

**(അഹ്‌ഖീഖുൽ മുസ്നദ് 17334, ഹദീസ് ഹസൻ, അസ്സ്വഹീഹ് 891, 2861)**

**ഉറങ്ങാൻ നേരം അയത്തുൽ കുർസിയ്യ് പാരായണം**

ചെയ്യുക.(ബുഖാരി 5009, മുസ്‌ലിം 808)

അബൂഹുറൈറﷺ യിൽ നിന്ന് നിവേദനം:

لن يزال عليك من الله حافظ، ولا يقربك شيطان حتى تصبح

"നീ ഇത് പാരായണം ചെയ്തുകഴിഞ്ഞാൽ നിന്റെ മേൽ അല്ലഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ തുടരുന്നതാണ്. പ്രഭാതം വരെ ഒരു പിശാചും നിന്നെ സമീപിക്കുകയില്ല."

(ബുഖാരി 2311, അസ്സ്വഹീഹ് 11/21)

**മലമൂത്ര വിസർജന സ്ഥലത്ത് പ്രവേഷിക്കുമ്പോൾ**

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ

"എല്ലാ ആൺ പെൺ പിശാചുക്കളിൽ നിന്നും അല്ലാഹുവിനോട് ഞാൻ കാവലിനെ തേടുന്നു." (ബുഖാരി 142, മുഅ്‌ലിം 575)

**പുറത്തിറങ്ങിയാൽ**

غُفْرَانَكَ

"നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു." (അബൂദാവൂദ് 30)

**കോപം വന്നാൽ**

أَعُوذُ مِنَ الشَّيْطَانِ الرَّجِيمِ

"ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ഞാൻ കാവലിനെ തേടുന്നു." (ബുഖാരി 6115, മുസ്‌ലിം 2610)

**വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിക്കുക.**

ജാബിർ ബ്നുഅബ്ദില്ലാഹ്ﷺ നിവേദനം;

إِذَا دَخَلَ الرَّجُلَ بَيْتَهُ، فَذَكَرَ اللهَ تَعَالَى عِنْدَ دُخُولِهِ وَعِنْدَ طَعَامِهِ، قَالَ الشَّيْطَانُ: لَا مَبِيتَ لَكُمْ وَلَا عِشَاءَ، وَإِذَا دَخَلَ فَلَمْ يَذْكُرِ اللهَ تَعَالَى عِنْدَ دُخُولِهِ، قَالَ الشَّيْطَانُ: أَدْرَكْتُمُ الْمَبِيتَ. وَإِنْ لَمْ يَذْكُرِ اسْمَ اللهِ عِنْدَ طَعَامِهِ، وَإِنْ لَمْ يَذْكُرِ اسْمَ اللهِ عِنْدَ دُخُولِهِ، قَالَ: أَدْرَكْتُمُ الْمَبِيتَ وَالْعَشَاءَ

"ഒരാൾ തന്റെ ഭവനത്തിൽ പ്രവേശിച്ചാൽ ആ പ്രവേശിക്കുന്ന സമയത്തും ഭക്ഷണം കഴിക്കുന്ന സമയത്തും അല്ലാഹുവിന്റെ നാമം സ്മരിച്ചാൽ പിശാച് പറയും: ഇവിടെ താമസവുമില്ല ഭക്ഷണവുമില്ല. അവൻ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിന്റെ നാമം സ്മരിച്ചിട്ടില്ല എങ്കിൽ (ശൈത്വാൻ) പറയുന്നു: നിനക്ക് താമസിക്കാൻ ഒരിടവും ഭക്ഷണവും കിട്ടി." (മുസ്‌ലിം 2018)

**അന്നപാനീയങ്ങൾ ഭക്ഷിക്കുമ്പോൾ**

بِسْمِ اللهِ

"അല്ലാഹുവിന്റെ നാമത്താൽ" (മുസ്‌ലിം 2017)

**സൂറത്തുൽ ബക്വറ പാരായണം ചെയ്യൽ വർദ്ധിപ്പിക്കുക**

അബൂഹുറൈറ ﷺ നിവേദനം:

إِنَّ الشَّيْطَانَ يَنْفِرُ مِنَ الْبَيْتِ الَّذِي تُقْرَأُ فِيهِ سُورَةُ الْبَقَرَةِ

"നിശ്ചയം സൂറതുൽ ബക്വറ പാരായണം ചെയ്യുന്ന ഭവനത്തിൽ നിന്നും പിശാച് വിരണ്ടോടും" (മുസ്‌ലിം 780)

അബൂഉമാമത്തുൽ ബാഹിലി ﷺ നിവേദനം:

اقْرَءُوا سُورَةَ الْبَقَرَةِ؛ فَإِنَّ أَخْذَهَا بَرَكَةٌ، وَتَرْكَهَا حَسْرَةٌ، وَلَا تَسْتَطِيعُهَا الْبَطَلَةُ

"സൂറത്തുൽ ബകറ പാരായണം ചെയ്യുവീൻ, നിശ്ചയം അത് സ്വീകരിക്കൽ അനുഗ്രഹീതമാണ്. അത് ഉപേക്ഷിക്കൽ ദുഃഖ ഹേതുവുമാണ്. അതിനെ നേരിടുവാൻ സാഹിറുകൾക്ക് സാധ്യമല്ല." (മുസ്ലിം 804)

**ഒരു സ്ഥലത്ത് ഇറങ്ങിയാൽ**

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

"അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്നും ഞാൻ അഭയം തേടുന്നു." (മുസ്ലിം 2708)

ഹൗല ബിൻത്ഹകീം ﷺ നിവേദനം:

لَمْ يَضُرَّهُ شَيْءٌ حَتَّى يَرْتَحِلَ مِنْ مَنْزِلِهِ ذَلِكَ

''ഈ വചനം പറഞ്ഞാൽ അവൻ അവിടെ നിന്നും യാത്രയാകുന്നത് വരെ അവനെ ഒന്നും ഉപദ്രവിക്കുകയില്ല."

## രോഗിയായ സഹോദരാ രോഗശമനത്തെ സംബന്ധിച്ച് നീ നിരാശനാകരുത്

1) അബൂഹുറൈറ ﷺ നിവേദനം; നബി ﷺ പറഞ്ഞു:

إِنَّ اللهَ لَمْ يُنْزِلْ دَاءاً إِلَّا أَنْزَلَ لَهُ شِفَاءاً، عَلِمَهُ مَنْ عَلِمَهُ وَجَهِلَهُ مَنْ جَهِلَهُ

''അല്ലാഹു ഒരു രോഗത്തേയും ഇറക്കിയിട്ടില്ല, അതിന്റെ പ്രതിവിധി ഇറക്കിയിട്ടല്ലാതെ.'' (ബുഖാരി 5678)

2) ജാബിർ ﷺ വിൽ നിന്ന് നിവേദനം; നബി ﷺ പറഞ്ഞു:

لِكُلِّ دَاءٍ دَوَاءٌ، فَإِذَا أُصِيبَ دَوَاءُ الدَّاءِ؛ بَرَأَ بِإِذْنِ اللّه عَزَّ وَجَلَّ

"എല്ലാ രോഗത്തുനും മരുന്ന് ഉണ്ട്. ആയതിനാൽ രോഗത്തിന്റെ മരുന്ന് കണ്ടെത്തിക്കഴിഞ്ഞാൽ രോഗം ശമിക്കും അല്ലാഹുവിന്റെ അനുമതിയോടെ" (മുസ്ലിം 2204)

ഫത്ഹുൽ ബാരിയിൽ ഇമാം നവവി പറഞ്ഞു: "ജാബിർ ﷺ ന്റെ ഈ ഹദീഥിൽ അല്ലാഹുവിന്റെ അനുമതിയോടെ മരുന്ന് കണ്ടെത്തി കഴിക്കുന്നതിന്റെ മേലാണ് രോഗശമനം നിലകൊള്ളുന്നത് എന്നതിന് സൂചനയുണ്ട്. കാരണം മരുന്നുകളോടൊപ്പം അതിന്റെ ഗുണത്തിലോ അളവിലോ പരിധിവിട്ടാൽ രോഗശമനം ലഭിക്കുകയില്ല. എന്നു തന്നെയുമല്ല ഒരുപക്ഷേ അത് മറ്റൊരു രോഗത്തിന് വഴിവെച്ചേക്കാം."

3) ഉഥാമത്ത് ബ്നുശരീക് ﷺ നിവേദനം; നബി ﷺ പറഞ്ഞു:

تَدَاوَوْا عِبَادَ اللّه سُبْحَانَهُ لَمْ يَضَعْ دَاءاً إِلَّا وَضَعَ مَعَهُ شِفَاءاً، إِلَّا الْهَرَمَ

"അല്ലാഹുവിന്റെ ദാസന്മാരേ നിങ്ങൾ ചികിത്സിക്കുവിൻ. കാരണം അല്ലാഹു ഒരു രോഗവും വച്ചിട്ടില്ല, അതിനോടൊപ്പം ശമനവും

വച്ചിട്ടല്ലാതെ. വാർദ്ധക്യമൊഴികെ." (തുർമുദി 2038, അബൂദാവൂദ് 3855, ഇബ്നുമാജ 3436)

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ വിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു:

مَا أَنْزَلَ اللّٰهُ عزَّ وَجَلَّ دَاءاً، إِلَّا أَنْزَلَ لَهُ دَوَاءاً، عَلِمَهُ مَنْ عَلِمَهُ وَجَهِلَهُ مَنْ جَهِلَهُ

"അല്ലാഹു ഒരു രോഗത്തേയും ഇറക്കിയിട്ടില്ല. അതിന് മരുന്ന് ഇറക്കിയിട്ടല്ലാതെ. അതിനെ അറിഞ്ഞവൻ അത് അറിഞ്ഞു. അതിനെ അറിയാത്തവൻ അറിഞ്ഞില്ല." (ഇബ്നുമാജ 3438, സ്വഹീഹ് ജാമിഅ് 5558)

ഇമാം നവവി പറഞ്ഞു: "ഇബ്നു മസ്ഊദ്ﷺ ന്റെ ഹദീഥിൽ എല്ലാ രോഗത്തിനും പ്രതിവിധി അല്ലാഹു വച്ചിട്ടുണ്ട് എന്ന് പറയുമ്പോൾ എല്ലാ മരുന്നുകളും എല്ലാവർക്കും അറിയുകയില്ല എന്നൊരു സൂചനയുണ്ട്. ഈ ഹദീഥുകളിൽ ഭൗതികോപാധികളെ സ്ഥിരപ്പെടുത്തലുമുണ്ട്. തന്നെയുമല്ല രോഗശമനം അല്ലാഹുവിന്റെ അനുമതിയോട് കൂടിയാണ് ഉണ്ടാകുന്നതെന്നും ഈ മരുന്നുകൾ സ്വയം രോഗശമനം ഉണ്ടാക്കുകയില്ല എന്നാൽ അല്ലാഹുവിന്റെ നിശ്ചയം കൊണ്ട് മാത്രമേ ശമനമുണ്ടാകൂ എന്ന് വിശ്വസിക്കുന്നവർക്കും മരുന്നുകൾ ഉപയോഗിക്കൽ അല്ലാഹുവിനോടുള്ള തവക്കുലിന് എതിരാവുകയില്ല എന്നതിനും തെളിവുണ്ട്. അല്ലാഹു നിശ്ചയിക്കുകയാണെങ്കിൽ മരുന്നുകൾ തന്നെ രോഗമായി മാറും. ജാബിർ വിന്റെ ഹദീഥിൽ അല്ലാഹുവിന്റെ അനുമതിയോട് കൂടി ശമനം കിട്ടും എന്ന് പറഞ്ഞതിൽ നമ്മൾ ഈ പറഞ്ഞതിലേക്ക് സൂചനയുണ്ട്. അല്ലാഹുവിന്റെ നിശ്ചയത്തിന്റേയും ഉദ്ധേശത്തിന്റേയും മേലാണ് ഇതിന്റെയെല്ലാം അടിസ്ഥാനം നിലകൊള്ളുന്നത്. ചികിത്സിക്കുക എന്നത് തവക്കുലിനോട് എതിരാകുന്നതല്ല. വിശപ്പും ദാഹവും ഉണ്ടാകുമ്പോൾ അതിനെ ശമിപ്പിക്കുന്നത് ആഹാരവും വെള്ളവും ഉപയോഗിക്കുന്നത് എപ്രകാരം തവക്കുലിന് എതിരാകുന്നില്ലയോ അതുപോലെ തന്നെയാണ് മരുന്ന് ഉപയോഗിക്കുന്നതും തവക്കുലിന് എതിരാകുന്നില്ല. ഇപ്രകാരം തന്നെയാണ് നശിപ്പിച്ചു കളയുന്ന വൻ

പാപങ്ങളെ വെടിയലും ദുആ ചൊല്ലിക്കൊണ്ട് ശാരീരിക സുഖം തേടുന്നതും ഉപദ്രവങ്ങൾ തടയുന്നതുമൊന്നും തവക്കുലിന് എതിരല്ല."

ശൈഖ് ഇബ്നുബാസ് പറഞ്ഞു: "പണ്ഡിതന്മാരുടെ ഏകോപിതമായ അഭിപ്രായപ്രകാരം ചികിത്സിക്കൽ അനുവദനീയമാണ്. അത് കൊണ്ട് തന്നെ ആന്തരീകവും നാഡീസംബന്ധവുമായ പ്രശ്നങ്ങൾ അറിയുന്ന വൈദ്യശാസ്ത്ര വിദഗ്ദന്മാരേയും ശസ്ത്രക്രിയാ വിദഗ്ദന്മാരേയും തന്റെ രോഗനിർണ്ണയത്തിനായി ഒരു മുസ്‌ലിമിന് സമീപിക്കാവുന്നതാണ്. രോഗം നിർണ്ണയിക്കലും ആ ഡോക്ടർക്ക് വൈദ്യശാസ്ത്രത്തിൽ അറിയുന്നതായ, ശറഇൽ അനുവദനീയമായ മരുന്നുകൾ കൊണ്ട് ചികിത്സിക്കലും അനുവദനീയമാണ്. കാരണം ഇപ്രകാരമെല്ലാം ചെയ്യുന്നത് അറിയപ്പെട്ട ഭൗതികോപാധികളെ സ്വീകരിക്കുന്നതിൽ പെട്ടതാണ്. അതൊന്നും അല്ലാഹുവിനോടുള്ള തവക്കുലിന് എതിരാകുന്നതല്ല." (മജ്മൂഉ ഫതാവ 3/274)